# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2025 ഡിസംബർ 25 | ദീപം 58 | നാളം 42 | Published from : PALA | പേജ് 20 | വില 8 രൂപ | www.deepanalam.org


ക്രിസ്മസ് പുതുവത്സരാശംസകൾ



# അന്ധകാരത്തിൽ കഴിഞ്ഞിരുന്ന ജനം വലിയൊരു പ്രകാശം കണ്ടു!




ഫാ. ജോസഫ് ആലഞ്ചേരിൽ


മനുഷ്യരാശിയുടെ സങ്കടങ്ങളുടെ നെരിപ്പോടിൽ മഞ്ഞു പെയ്യിച്ച രാത്രിയാണ് ക്രിസ്മസ്. സ്വർഗത്തെ ഭൂമിയിലേക്കിറക്കിക്കൊണ്ടുവരാൻ പ്രാപ്തനായ ഒരു ശിശു ബേത്‌ലഹേമിൽ മേരിയുടെ മടിയിൽ കുളിരണിഞ്ഞുകിടക്കുന്നതു കണ്ട് മാലാഖമാർ മതിമറന്നു പാടി: “അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം! ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം!” മാലാഖമാർ ഈ ഗീതം പാടുമ്പോൾ യൂദയായിലെ മലഞ്ചെരുവുകളിൽ ഏശയ്യായുടെ പ്രവചനം മാറ്റൊലിയാകുന്നുണ്ടായിരുന്നു: “വളഞ്ഞ വഴികൾ നേരേയാക്കപ്പെടും. ദുർഘടമായ വഴികൾ സമമാക്കപ്പെടും. സകല മനുഷ്യരും ദൈവത്തിന്റെ രക്ഷ കാണും!” മാർട്ടിൻ ലൂഥർ കിങ് പറഞ്ഞതുപോലെ നിസ്സഹായരുടെ കരിന്തിരി കത്തിയ സ്വപ്നങ്ങളുടെമേൽ താരകം തെളിഞ്ഞ രാത്രിയാണ് ക്രിസ്മസ്. അടിമകളുടെയും ഉടമകളുടെയും മക്കളെ ഒരു മേശയ്ക്കു ചുറ്റുമിരുത്തിയ രാത്രി! ആളുകൾ അവരുടെ തൊലിയുടെ നിറംകൊണ്ടല്ലാതെ സ്വഭാവത്തിന്റെ ഉള്ളടക്കത്തെ അടിസ്ഥാനമാക്കി വിലയിരുത്തപ്പെടാൻ പോകുന്നുവെന്നു വിളംബരം ചെയ്യപ്പെട്ട രാത്രി! മനുഷ്യരാശി കേട്ട മംഗളവാർത്ത അതായിരുന്നു; ഇതാ ഇനിമേൽ വേർതിരിവുകളില്ലാത്ത ലോകം ഉണ്ടാകാൻ പോകുന്നു; മനുഷ്യകുലത്തിന്റെ ചരിത്രം രണ്ടായി വിഭജിക്കപ്പെടുന്നു. മിശിഹായുടെ ജനനത്തോളം ലോകത്തെ സ്വാധീനിച്ച ഒരു സംഭവവുമില്ല. ക്രിസ്മസ് ദിനം നൽകുന്ന സന്ദേശം അത്രമാത്രം അതുല്യവും അദ്ഭുതാവഹവുമായതിനാലാണ് വിഖ്യാത എഴുത്തുകാരൻ ചാൾസ് ഡിക്കൻസ് പറഞ്ഞത്: “വർഷം മുഴുവൻ നിത്യഹരിതഓർമയായി മനസ്സിൽ നിലനില്ക്കാൻ ഞാൻ ആഗ്രഹിക്കുന്ന ദിനം ക്രിസ്മസ്ദിനമാണ്.”

**ദൈവം ഇമ്മാനുവേലാണെന്ന് ക്രിസ്മസ് ലോകത്തോടു പറയുന്നു. ദൈവം സ്നേഹിതനാണെന്നും ദൈവത്തിന്റെ പക്കൽ അപ്പന്റെ പക്കൽ ചെല്ലുന്ന സ്വാതന്ത്ര്യത്തോടെ ചെല്ലാമെന്നും അന്നുമുതൽ ലോകമറിഞ്ഞു. മനുഷ്യകുലത്തിന്റെ സർവ ദൈവവിചാരങ്ങളെയും ആത്മീയസങ്കല്പങ്ങളെയും ക്രിസ്മസ് തിരുത്തിയെഴുതി.**

### നിത്യഹരിതമായ ക്രിസ്മസ്ഓർമകൾ

'ലോകം മുഴുവൻ സ്നേഹത്തിന്റെ ഗൂഢാലോചനയിൽ ഏർപ്പെടുന്ന കാലം' എന്ന് സുപ്രസിദ്ധ അമേരിക്കൻ എഴുത്തുകാരൻ ഹാമിൽട്ടൺ റൈറ്റ് മാബി പറഞ്ഞ ക്രിസ്മസ്കാലം കുഞ്ഞുങ്ങളുടെ മനസ്സിൽ നിറയ്ക്കുന്ന ആഹ്ലാദത്തിന് അതിരില്ല. വർഷങ്ങൾക്കുമുമ്പുള്ള അങ്ങനെയൊരു കാലം ഓർത്തുപോവുകയാണ്. ഓർമകൾ ഞണ്ടുകളെപ്പോലെ പിറകോട്ടുപോവുകയാണ്. നാല്പതോളം വർഷങ്ങൾക്കുമുമ്പുള്ള ഒരു ക്രിസ്മസ് രാവാണ്. ഇരുട്ടുകൂടുന്തോറും തണുപ്പും കൂടിവരുന്നു. പുൽക്കൂട് ഉണ്ടാക്കുന്ന പിള്ളേർ ശരിക്കും വിറയ്ക്കുന്നുണ്ട്. 'എന്തെങ്കിലും തലേൽ ഇട്ടോണ്ടിരിക്കെടാ മക്കളേ' എന്നു വല്യമ്മച്ചി വിളിച്ചുപറയുന്നു. എല്ലാവരും തിരക്കിലാണ്. തിരക്കു തുടങ്ങിയിട്ട് സത്യത്തിൽ ഒരാഴ്ചയോളമായി. ചാക്കു നിറയെ ഉണ്ണീശോപ്പുല്ല് നിറച്ചുവച്ചിരിക്കുന്നു. റെഡിമെയ്ഡ് ക്രിബുകൾ കിട്ടാനില്ലാത്ത കാലം.

ഈന്തിലയും ഉണ്ണീശോപ്പുല്ലും തെരുവക്കോലും ചേർത്താണ് പുൽക്കൂടു കെട്ടുന്നത്.

കപ്പക്കോലും വാരിക്കമ്പും എല്ലാം കൂടിച്ചേർന്ന് പുൽക്കൂടു കെട്ടിത്തീരും വരെ ആരും ഉറങ്ങില്ല.


▶18



മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 58–ാം വർഷം

ക്രിസ്മസ് – പുതുവത്സരാശംസകൾ

21 Year Legacy of Trust & Quality

40+ BRANCHES

സ്വർണ്ണം വിൽക്കാൻ ഏറ്റവും നല്ലത് നമ്മുടെ അച്ചായൻസ് തന്നെ

www.achayansgold.in

- നിങ്ങളുടെ സ്വർണ്ണം (916) വിൽക്കുമ്പോൾ, തൂക്കത്തിൽ കുറവുവരുത്താതെ ഏറ്റവും ഉയർന്ന വില നൽകുന്നു.
- ബാങ്കിൽ പണയത്തിലിരിക്കുന്ന സ്വർണ്ണം എടുത്ത് ഉയർന്ന വിലയിൽ വിൽക്കുവാൻ സഹായിക്കുന്നു.



SINCE 2005

KERALA'S NO.1 GOLD BUYER

അച്ചായൻസ് ഗോൾഡ് 916

പാലാ | മുണ്ടക്കയം

വിളിക്കേണ്ട നമ്പർ

85900 46 916 | 90613 50 916

കോട്ടയം | ആലപ്പുഴ | പത്തനംതിട്ട | ഇടുക്കി | എറണാകുളം

FREE

വിദേശ പഠനം / ജോലി തുടങ്ങിയ ആവശ്യങ്ങൾക്കായി സ്വർണ്ണം വിൽക്കുമ്പോൾ* **Branded Trolly Bag** സമ്മാനമായി നൽകുന്നു.
*(4 Lakhs and above*)*

FOR SPECIAL NRI SERVICES

CONTACT:
Mr. Shinil Kurian90723 88 173



ക്രിസ്മസ് – പുതുവത്സര ആശംസകൾ

മംഗളമുഹൂർത്തങ്ങൾക്കു തൃപ്തികരമായ വിഭവങ്ങളുമായി

തൃപ്തി

കേറ്ററിംഗ് സർവീസ്

മേവട, പാലാ

Mob: 9495165034

ഭക്ഷണപദാർത്ഥങ്ങൾ ഓർഡർ അനുസരിച്ച് കൃത്യസമയത്ത് മിതമായ നിരക്കിൽ എത്തിച്ചുകൊടുക്കുന്നു.





ക്രിസ്മസ് പുതുവത്സര ആശംസകൾ

അഗ്രിമ

ഷോപ്പിംഗ് കോംപ്ലക്സ്

പാലാ : സെന്റ് തോമസ് പ്രസിന് സമീപം 9074556724
മുട്ടുചിറ : ഫൊറോന പള്ളിക്ക് സമീപം 8547226102

- കർഷക ഓപ്പൺ മാർക്കറ്റ്
- ഇക്കോ ഷോപ്പ്
- കാർഷിക നഴ്സറി
- പൂച്ചട്ടികൾ
- ജൈവ വളങ്ങൾ
- കാർഷിക ഉപകരണങ്ങൾ

അഗ്രിമ സെൻട്രൽ നഴ്സറി
മുണ്ടുപാലം (പാലാ -രാമപുരം റോഡ്)
(കേരള ഗവ. അംഗീകൃതം)
വിദേശ ഫലവൃക്ഷ തൈകൾ പൂച്ചെടികൾ,പൂച്ചട്ടികൾ ജൈവ വളങ്ങൾ
9074556714

പാലാ സാൻതോം ഫുഡ് ഫാക്ടറി
(മുണ്ടുപാലം-പാലാ)




9496622579

പാലാ രൂപതയുടെ കാർഷിക വിള മൂല്യവർദ്ധിത ഉത്പന്ന ഫാക്ടറി

കേരളാഗ്രോ സ്റ്റോർ
(സെന്റ് തോമസ് പ്രസിന് എതിർവശം, പാലാ)

കർഷക കൂട്ടായ്മകൾ ഉത്പാദിപ്പിക്കുന്ന ഭക്ഷ്യ വിഭവങ്ങൾ ലഭ്യമാകുന്ന കോട്ടയം ജില്ലയിലെ ഏക കേരളാഗ്രോ സ്റ്റോർ

8848589880

പാലാ സോഷ്യൽ വെൽഫെയർ സൊസൈറ്റി





ടി. ദേവപ്രസാദ്


# ഓർക്കാപ്പുറത്ത് ഒരു അവകാശലംഘനം

സഭയിൽ നടക്കുന്ന കാര്യങ്ങൾ തെറ്റായി റിപ്പോർട്ട് ചെയ്താൽ അവകാശലംഘനത്തിനു നോട്ടീസ് വരാം. എനിക്കെതിരേ ഇത്തരത്തിൽ ഒരു നോട്ടീസ് വന്ന ഓർമയുണ്ട്. തോമസ് ഐസക് ധനമന്ത്രിയായിരുന്ന കാലം. ലോട്ടറിരാജാവ് സാന്റിയാഗോ മാർട്ടിനിൽനിന്നും 20 കോടി രൂപ കൈക്കൂലി വാങ്ങിയാണ് സർക്കാർ തീരുമാനം എടുത്തത് എന്ന് വി.ഡി. സതീശൻ ആരോപണം ഉന്നയിച്ചു. എഴുതിക്കൊടുത്തുള്ള ആരോപണമാണ്. ഐസക് അതു നിഷേധിച്ചു. ഐസക്കിനെതിരേ 20 കോടിയുടെ ആരോപണം എന്ന് ഞാൻ റിപ്പോർട്ട് ചെയ്തു. ഐസക്കിനു പിടിച്ചില്ല. സതീശൻ പറയാത്ത കാര്യം ദീപിക റിപ്പോർട്ട് ചെയ്തു എന്നായി ഐസക്കിന്റെ വാദം. സതീശനും പറഞ്ഞു, ഐസക്ക് വാങ്ങിച്ചെന്ന് ഞാൻ പറഞ്ഞിട്ടില്ല. അവകാശലംഘനത്തിനു നോട്ടീസായി. ഒന്നാം പ്രതി ചീഫ് എഡിറ്ററാണ്. അക്കാലത്തെ ചീഫ് എഡിറ്റർ അലക്സാണ്ടർ പൈകടയച്ചൻ എന്നെ വിളിച്ചു. വിവരങ്ങൾ തിരക്കി. സ്പീക്കറുടെ നോട്ടീസിനു മറുപടി കൊടുക്കണം. ഞാൻ സ്പീക്കർ രാധാകൃഷ്ണനെ പോയിക്കണ്ടു. അദ്ദേഹം എന്നെ മനസ്സിലാക്കി. പ്രസാദ് സാർ എഴുതിയത് നല്ല ഉദ്ദേശ്യത്തോടെയാണ്. സംഭവം വിശദീകരിച്ച് ഒരു കുറിപ്പ് എഴുതിത്തന്നാൽ തീർക്കാം, അദ്ദേഹം പറഞ്ഞു. അച്ചൻ വിഷയം കെ.എം. മാണിസാറുമായി സംസാരിച്ചു. അദ്ദേഹം പറഞ്ഞു: വിശദീകരണത്തിനുപകരം സഭാനടപടികളുടെ പൂർണരൂപം ചോദിക്കണം. അതു വായിച്ചുപഠിച്ചശേഷം മറുപടി തരാം എന്നാണ് മാണിസാർ കൊടുത്ത ഉപദേശം. അച്ചന് അതാണ് കൂടുതൽ നല്ലതായി തോന്നിയത്. മറുപടി തയ്യാറാക്കിയപ്പോഴേക്കും ആ സഭ പിരിഞ്ഞു. അതോടെ അവകാശലംഘനവും തീർന്നു. സ്പീക്കറോടു പ്രതിഷേധിച്ച് പത്രപ്രവർത്തകർ സഭ ബഹിഷ്കരിച്ച അനുഭവങ്ങളും ഉണ്ട്. 1987 ൽ സ്പീക്കറായ വർക്കല രാധാകൃഷ്ണൻ സ്പീക്കറുടെ മീഡിയ ഉപദേശകസമിതി രൂപീകരിച്ചു. എല്ലാ മാധ്യമങ്ങളുടെയും തലസ്ഥാനത്തെ ബ്യൂറോ ചീഫുമാർ അടങ്ങിയതായിരുന്നു ആ സമിതി.


ഉമ്മൻ ചാണ്ടി


നിയമസഭാസമ്മേളനം കൃത്യം ഒരു മണിക്കു തീരും. പ്രത്യേകിച്ചും വക്കം പുരുഷോത്തമനെപ്പോലുള്ള സ്പീക്കർമാർ സഭ നിയന്ത്രിക്കുമ്പോൾ. ഏതെങ്കിലും കാരണവശാൽ ഇരുപക്ഷവും ചേർന്ന് സമ്മേളനം നീട്ടാൻ തീരുമാനിച്ചാൽ എം.എൽ.എ.മാർക്കും പത്രപ്രവർത്തകർക്കും സ്പീക്കറുടെ വക ലഘുഭക്ഷണം ഉണ്ടാവും.

അക്കാലത്ത് ആകാശവാണിയിലും പിന്നീട് ദൂരദർശൻ എത്തിയപ്പോൾ അതിലും 'നിയമസഭയിൽ ഇന്ന്' എന്നൊരു പംക്തി ദിവസവും ഉണ്ടായിരുന്നു. സ്ക്രിപ്റ്റ് തയ്യാറാക്കുവാൻ അവസരം എല്ലാവർക്കുംതന്നെ ലഭിക്കും. ഒരു റിപ്പോർട്ടിന് 100 രൂപ വച്ച് പ്രതിഫലവും തരും. അത് അക്കാലത്ത് വലിയ തുകയായിരുന്നു. നിയമസഭാറിപ്പോർട്ടിങ്ങിന് ദിവസം 10 രൂപ വച്ച് ദീപികയിൽനിന്നും പ്രത്യേക അലവൻസ് തന്നിരുന്നു. ബ്യൂറോയിൽ അംഗങ്ങളും സൗകര്യങ്ങളും കൂടിയപ്പോൾ അതെല്ലാം നിലച്ചു, ഇപ്പോഴത്തെ രീതിയായി. നിയമസഭാ റിപ്പോർട്ട് ചെയ്യാനാവുന്നത് ഒരു അന്തസ്സായി അക്കാലത്ത് കരുതപ്പെട്ടിരുന്നു. രാവിലെ എട്ടുമണിയോടെ നിയമസഭയിൽ എത്തും. സഭ പിരിയുന്നതുവരെ അവിടെയുണ്ടാവും. ബ്യൂറോയിൽ കൂടുതൽ ആളുകളായപ്പോൾ ചോദ്യോത്തരവേള, സീറോ അവർ, സബ്മിഷനുകൾ ചർച്ച തുടങ്ങിയവയെല്ലാം പലരായി റിപ്പോർട്ട് ചെയ്യുക. നിയമസഭാവലോകനം എഴുതുന്നത് വേറൊരാളായി.


തോമസ് ഐസക്ക്

1980 കൾ വരെ നിയമസഭാസമ്മേളനം ആരംഭിക്കുമ്പോൾ കോൺഗ്രസ് നിയമസഭാകക്ഷി നേതാവ് പത്രക്കാർക്ക് ഒരു ദിവസം അത്താഴവിരുന്നു നൽകിയിരുന്നു. 1980 ൽ ഇന്ദിരാകോൺഗ്രസ് നേതാവ് കെ.കരുണാകരനും ആന്റണി കോൺഗ്രസ് നേതാവ് ഉമ്മൻചാണ്ടിയും വിരുന്നുതന്നത് ഓർക്കുന്നു. ബജറ്റ് പാസ്സായശേഷം ധനമന്ത്രിയും പത്രക്കാർക്കു വിരുന്നു നൽകുന്ന പതിവുണ്ടായിരുന്നു. ചില ധനമന്ത്രിമാർ തങ്ങളുടെ അടുത്ത പത്രപ്രവർത്തകസുഹൃത്തുക്കൾവഴി വേണ്ടവർക്ക് മദ്യവും ലഭ്യമാക്കിയിരുന്നു. മന്ത്രിയും ശുദ്ധാത്മാക്കളായ പത്രപ്രവർത്തകരും വരുന്നതിനു മുമ്പ് മേജർ സെറ്റുകാരുടെ പാനോപചാരം നടക്കും. സഭയുടെ അവകാശം ലംഘിച്ചതിന് പാലക്കാട്ടെ സ്വദേശി പത്രം ഉടമ എം. വി. ചേറുസിനെ സഭ വിളിച്ചു വരുത്തി ശിക്ഷിച്ച സംഭവം ഒരിക്കലും മറക്കാനാവാത്തതാണ്. 1989 ഫെബ്രുവരി ഒന്നിനാണ് ചേറുസിനെ താക്കീത് ചെയ്തത്. സഭയിൽ പ്രത്യേകം തയ്യാറാക്കിയ ഒരു കൂട്ടിലാണ് ചേറുസിനെ നിറുത്തിയത്. കൗതുകകരമായ കാഴ്ചയായിരുന്നു അത്. കുറ്റപത്രവും ശിക്ഷയും വായിച്ചു കേൾപ്പിച്ചു. അദ്ദേഹം തല താഴ്ത്തിനിന്ന് എല്ലാം കേട്ടു. പാലക്കാട് എം.എൽ.എ. ആയിരുന്ന സിഎം സുന്ദരത്തെ പാലക്കാട് റോട്ടറി ക്ലബ് യോഗത്തിൽ വച്ച് ഭക്ഷണം കഴിച്ചുകൊണ്ടിരിക്കെ ഭീഷണിപ്പെടുത്തുകയും എച്ചിൽകൈകൊണ്ട് അടിക്കുകയും ചെയ്തതിനാണ് അദ്ദേഹത്തെ താക്കീതു ചെയ്തത്. ചേറുസിന്റെ പ്രസിൽ ജീവനക്കാർക്കു മിനിമം കൂലി കൊടുക്കാത്തതിനെക്കുറിച്ച് നിയമസഭയിൽ ചോദിച്ച ചോദ്യത്തിന് പ്രതികാരമായിട്ടാണ് ചേറുസ് അദ്ദേഹത്തെ കൈയേറ്റം ചെയ്തത്.


കെ. കരുണാകരൻ


വർക്കല രാധാകൃഷ്ണൻ

വിവരാവകാശനിയമം ഇല്ലാതിരുന്ന കാലത്ത് നിയമസഭാംഗങ്ങളെക്കൊണ്ട് ചോദ്യങ്ങൾ ചോദിപ്പിച്ച് പല സർക്കാർ വിവരങ്ങളും ശേഖരിക്കുന്ന പത്രപ്രവർത്തകർ ഉണ്ടായിരുന്നു. നിയമസഭ നടക്കുന്ന കാലത്ത് സ്ഥലപരിമിതിമൂലം പത്രത്തിൽ കൊടുക്കാനാവാതെ വരുന്ന വിവരങ്ങൾ പിൽക്കാലത്തു കൊടുത്ത് എക്സ്ക്ലൂസീവ് വാർത്തകൾ അവകാശമാക്കുന്ന ലേഖകരും ഉണ്ടായിരുന്നു. നിയമസഭയിൽ സമർപ്പിക്കുന്ന രേഖകൾ പരിശോധിച്ച് വാർത്തകൾ ഉണ്ടാക്കുക, നിയമസഭ പ്രസിദ്ധീകരിക്കുന്ന ബില്ലുകൾ പഠിച്ച് വാർത്തകൾ ഉണ്ടാക്കുക തുടങ്ങിയവയും അക്കാലത്തെ രീതികളായിരുന്നു. കൂടുതൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ വാർത്തകൾ കിട്ടുന്ന കാലം.

(തുടരും)



# അധരത്തിൽ വിരിയട്ടെ ഹൃദയത്തിലെ ആനന്ദം

## പുണ്യക്കൂട്



ഫാ. തോമസ് പാട്ടത്തിൽചിറ CMF

പാരിന്റെ പരിത്രാണകനായ ക്രിസ്തു പിറന്ന പുല്ക്കൂട് പുണ്യങ്ങളുടെ കൂടാണ്. മഞ്ഞിൽ മിഴിതുറന്ന മലരുകൾപോലെ പുണ്യങ്ങൾ പുല്ക്കൂട്ടിൽ പരിലസിക്കുന്നുണ്ട്.

### നന്മ

പുല്ക്കൂട് നന്മ എന്ന പുണ്യത്തിന്റെ കൂടാണ്. ധാർമികതയുടെ പൂർണതയാണ് നന്മ. കരളിന്റെ കളങ്കരാഹിത്യം. അധാർമികതയുടെ ആധിക്യത്തിൽ ധാർമികതയുടെ ധവളമന്നയായി പൊഴിഞ്ഞ ദൈവമാണ് പിള്ളക്കച്ചയ്ക്കുള്ളിൽ പള്ളികൊള്ളുന്നത്. അവൻ സൃഷ്ടപ്രപഞ്ചം കണ്ട എക്കാലത്തെയും സമ്പൂർണ സദാചാരസംഹിത. നന്മയുടെ നരരൂപം.

കലങ്ങിയും തെളിഞ്ഞും നിമിഷംതോറും നിറഭാവങ്ങൾ മാറിക്കൊണ്ടിരിക്കുന്ന സാഗരസസമമായ ഇന്നത്തെ ലോകത്തിൽ മനുഷ്യജീവിതമാകുന്ന നൗകയ്ക്ക് നന്മയുടെ നങ്കൂരമുണ്ടാകേണ്ടത് അത്യാവശ്യമാണ്. നാനാതരത്തിലുള്ള സംസ്കാരങ്ങൾ പരസ്പരം ഇഴചേർന്ന് പുതിയവ നെയ്യപ്പെടുമ്പോൾ അവയിലോരോന്നിലും കൊള്ളാനും തള്ളാനുമുള്ളവ ഏതെല്ലാമെന്നു വിവേചിച്ചറിയാൻ ഇന്നത്തെ തലമുറ ശ്രദ്ധിക്കാതെപോകുന്നുണ്ട്. കൂടുതൽ സുലഭവും ആകർഷണീയവും ആയവയെമാത്രം മതിയായ തരംതിരിവില്ലാതെ സ്വന്തമാക്കുന്ന സമൂഹമാണ് ഇന്നത്തേത്. കതിരും പതിരും വേർതിരിക്കാൻ കഴിയാതെവരുന്നു. കറുപ്പും വെളുപ്പും തിരിച്ചറിയാനാവാത്ത അവസ്ഥ അതീവഗുരുതരമാണ്. ഈടുറ്റതും വിലപ്പെട്ടതുമായ പലതും മനുഷ്യനറിയാതെ അവനു നഷ്ടപ്പെടുന്നു. നാശോന്മുഖമായി നീങ്ങിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രതിഭാസങ്ങളെ അതിജീവിക്കുന്നതിന് നലമെഴുന്ന സുവിശേഷത്തിന്റെ സംസ്കാരം നിലനില്ക്കണം.

### നീതി

പുല്ക്കൂട് നീതി എന്ന പുണ്യത്തിന്റെ കൂടാണ്. പക്ഷപാതരഹിതമായ പെരുമാറ്റമാണ് നീതി. മറ്റുള്ളവർ അർഹിക്കുന്നത് അവർക്കു കൊടുക്കുക എന്നതാണ് മാനുഷികനീതി. എന്നാൽ, അർഹിക്കാത്തതും കൊടുക്കുക എന്ന ദൈവികനീതിയുടെ മനുഷ്യമുഖമാണ് പുല്ക്കൂട്ടിലെ പൈതൽ. അഹന്തയുടെയും അനുസരണക്കേടിന്റെയും അർബുദം ബാധിച്ച മനുഷ്യവർഗത്തിന് അല്പംപോലും അർഹതയില്ലാത്ത വിടുതലും വിമോചനവും തന്റെ പുത്രദാനത്തിലൂടെ കനിഞ്ഞേകുന്ന നീതിസൂര്യനായ ദൈവത്തിന്റെ സുവർണശോഭയാണ് കാലിക്കൂട്ടിൽ പരന്നുകിടക്കുന്നത്.

നീതിക്കുവേണ്ടിയുള്ള നിലവിളിയാണ് സമൂഹത്തിൽ നിരന്തരം കേൾക്കുന്നത്. നീതി നിഷേധിക്കപ്പെടുന്നവരുടെ മിഴിനീര് വീണുതന്നെയാണ് മണ്ണ് നനഞ്ഞുകൊണ്ടിരിക്കുന്നത്. കള്ളത്തോതുകളും, കപടക്കണക്കുകളും ദുർഭാഷണവും ദുർമാർഗവും തട്ടിപ്പും വെട്ടിപ്പും കൈവശമുള്ളവരാണ് കണക്കിലധികവും. അഴിമതിയും അക്രമവും അനീതിയും അധർമവുമാണ് അധികാരക്കസേരകളിൽ അരങ്ങുവാഴുന്നത്. നീതിക്കുവേണ്ടി അടരാടുന്നവരുടെ കഴുത്തറുക്കാൻ മടിക്കാത്ത പുഴുത്ത കാലം. പണക്കൊഴുപ്പും പിടിപാടുമുള്ളവർക്ക് എന്തും എങ്ങനെയും ആകാമെന്ന നീതിയില്ലായ്മയുടെ ഭീതിയാണ് ഭൂതലമാകെ. വാദി പ്രതിയാക്കപ്പെടുന്ന വിരോധാഭാസം കൊടികുത്തിവാഴുന്നു. നീതിക്കുവേണ്ടി നിലകൊള്ളാൻ മനുഷ്യനു മനോബലമുണ്ടാകണം. നീതിരഹിതമായി ഒന്നും നേടരുത്. നീതിയിൽ നിവസിക്കുകയെന്നാൽ ക്രിസ്തുവിൽ ജീവിക്കുകയെന്നാണ്.

### വിശുദ്ധി

പുല്ക്കൂട് വിശുദ്ധി എന്ന പുണ്യത്തിന്റെ കൂടാണ്. ആത്മീയവും മാനസികവും ശാരീരികവുമായ സകല മലിനതകളിൽനിന്നും മനുഷ്യരാശിയെ മുഴുവൻ ശുദ്ധീകരിക്കാനായി നരജന്മമെടുത്ത വിശുദ്ധിതന്നെയായ ദൈവത്തിന്റെ വെണ്മയേറുന്ന വദനമാണ് കാലിത്തൊഴുത്തിലെ വെള്ളക്കച്ചയിലുള്ളത്.

അശുദ്ധിയുടെ അഴുക്കുസംഭരണികളാക്കി സമൂഹത്തെയും മനുഷ്യമനസ്സിനെയും മാറ്റുന്നത്, വേഗത്തിൽ വ്യാപിച്ചുകൊണ്ടിരിക്കുന്ന മരണസംസ്കാരത്തിന്റെ മായം, മദ്യം, മാലിന്യം എന്നീ മൂന്ന് ആവിഷ്കാരങ്ങളാണ്. മായമയമാണ്



അധികവും. 'സർവം മായ' എന്നത് 'സർവം മായം' എന്ന് മാറ്റിപ്പറയേണ്ടതായി വന്നിരിക്കുന്നു. ആഹാരപദാർഥങ്ങളിലെ മായംചേർക്കൽ ഒരു വിധത്തിൽ അഞ്ചാംപ്രമാണത്തിന്റെ ലംഘനം തന്നെയാണ്. മനസ്സാണ് ആദ്യം മായമുക്തമാകേണ്ടത്. മായമില്ലാത്ത മൊഴികളും,

> **പുഞ്ചിരിക്കാൻ പ്രത്യേക പരിശീലനം ആവശ്യമായിക്കൊണ്ടിരിക്കുന്ന അപകടാവസ്ഥയിലാണ് ഇന്നു മനുഷ്യൻ. ആനന്ദം ഹൃദയത്തിലുണ്ടെങ്കിലേ വദനത്തിലും അധരത്തിലും വരൂ. കല്മഷമില്ലാത്ത ഹൃദയത്തിൽനിന്നേ കറകളഞ്ഞ ആമോദം നിർഗമിക്കൂ. തിന്മയുടെ തേർവാഴ്ച തുടരുന്നിടത്തോളംകാലം സത്യമായ സന്തോഷങ്ങൾ തമസ്കരിക്കപ്പെടും.**

കലർപ്പില്ലാത്ത കർമങ്ങളും, ചിന്തകളും സ്വന്തമാക്കുക. ബന്ധങ്ങളിൽ മായം തൂളാതിരിക്കുക. മദ്യാസക്തി ജീവന്റെ മൂല്യത്തെയും പവിത്രതയെയുംകുറിച്ചുള്ള മനുഷ്യരുടെ ബോധ്യങ്ങളെ മരവിപ്പിക്കുന്നു. മനുഷ്യരുടെ 'വലിച്ചെറിയൽ വ്യാധി' മഹീതലം മാലിന്യമിശ്രിതമാക്കുന്നു. നാടും നഗരവും, ആറും ആഴിയും, പുഴയും വഴിയും, വായുവും വെള്ളവും ഒരുപോലെ മലിനമാണിന്ന്. മനസ്സാകുന്ന മാലിന്യക്കുട്ടയാണ് ആദ്യം മാലിന്യവിമുക്തമാകേണ്ടത്. അന്തസ്സിനും ആത്മീയജീവിതത്തിനും നിരക്കാത്തവയെ അതിൽനിന്നു തൂത്തുവാരിക്കളയുക. ആന്തരികശുദ്ധിയില്ലാതെ ആത്മീയവളർച്ച സാധ്യമല്ല.

### തുറവ്

പുല്ക്കൂട് തുറവ് എന്ന പുണ്യത്തിന്റെ കൂടാണ്. പുല്ക്കൂട്ടിൽ പരലോകം പാടേ തുറക്കുകയാണ്. പണ്ട് കൊട്ടിയടയ്ക്കപ്പെട്ട പറുദീസായുടെ പടിപ്പുരവാതിൽ പുത്രദൈവത്തിന്റെ പിറവിയോടെ തൊഴുത്തിൽ തുറക്കപ്പെടുന്നു. വിണ്ണ് മണ്ണിലേക്കും ദൈവഹൃദയം മനുഷ്യനിലേക്കും മറനീക്കി വരുന്നു. മനുഷ്യന്റെ അരുതായ്മകളുടെ അടഞ്ഞ അവസ്ഥയിലേക്കു തുറന്ന ദൈവത്തിന്റെ അലിവിന്റെ മിഴികളാണ് കാലിക്കൂട്ടിലെ കുഞ്ഞിന്റേത്.

പണ്ടൊക്കെ പാതയോരത്തിലൂടെ പരസ്പരം സംസാരിച്ചും ചിരിച്ചും രസിച്ചും നടക്കുന്നവരായിരുന്നു കൂടുതലും. പക്ഷേ, നിർഭാഗ്യവശാൽ സ്മാർട്ട് ഫോൺ, ഇന്റർനെറ്റ് തുടങ്ങിയ സമൂഹമാധ്യമങ്ങളുടെ ആഗമനത്തോടെ ആധുനികമനുഷ്യർ സ്വന്തം ലോകത്തേക്കുമാത്രം കണ്ണുംനട്ട് കഴുത്തൊടിഞ്ഞിരിക്കുന്ന അന്യഗ്രഹജീവികളായി മാറുന്നു. തത്ഫലമായി സങ്കുചിതചിന്താഗതി, അപകർഷതാബോധം എന്നിവ അവരിൽ വേരൂന്നുന്നു. മറയും കറയുമില്ലാത്ത മനസ്സും മനോഭാവങ്ങളും മനുഷ്യജീവിതത്തിന്റെ മുതൽക്കൂട്ടാകണം. ദൈവത്തിന്റെയും സഹജരുടെയുംനേർക്ക് തുറന്നിട്ട ഒരു ജാലകമായി ജീവിതത്തെ മാറ്റാൻ കഴിഞ്ഞാൽ അതൊരു നേട്ടമായിരിക്കും. സുതാര്യതയുള്ളിടത്ത് സംശയത്തിനു സ്ഥലമില്ല.

### ഔദാര്യം

പുല്ക്കൂട് ഔദാര്യം എന്ന പുണ്യത്തിന്റെ കൂടാണ്. നല്ലതു നല്കാനുള്ള മനോഗുണമാണ് ഔദാര്യം. അതിൽ സ്വാർഥതയ്ക്കു സ്ഥാനമേയില്ല. ഉന്നതങ്ങളിലെ ഉടയവനായ ദൈവം മന്നിലെ മനുഷ്യമക്കളോടു കാട്ടിയ മഹാമനസ്കതയുടെ മുഖമാണ് കാലിത്തൊഴുത്തിലെ ഉണ്ണിയുടേത്. തന്റേതുമാത്രമെന്നു പറഞ്ഞ് തന്റെ ഏകപുത്രനെപ്പോലും മാറ്റിനിറുത്താതെ ലോകത്തിലേക്കയയ്ക്കാൻ തക്കവിധം ദൈവം തന്റെ ഉദാരതയുടെ വാതിലുകൾ അത്ര വിശാലമായി തുറന്നിട്ടു.

മനുഷ്യമനസ്സിനെ വിശാലമാക്കുന്ന മനോജ്ഞമായ ഭാവങ്ങളിലൊന്നാണ് ഔദാര്യം. സേവനസന്നദ്ധതയാണ് അതിന്റെ മുഖമുദ്ര. ഉദാരമനസ്കരും വിശാലഹൃദയരുമായി ജീവിക്കാനുള്ള ശേഷി മനുഷ്യനു മാത്രമുള്ളതാണ്. അതുകൊണ്ടുതന്നെ, സങ്കുചിതസ്വഭാവം വെടിഞ്ഞ് ഔദാര്യപൂർവം പെരുമാറാൻ അവൻ ശീലിക്കേണ്ടതുണ്ട്. അത് അവന്റെ ചിന്തകളെയും ചെയ്തികളെയും ഉത്തരോത്തരം ഉത്തമമാക്കും. ഹൃദയമാകുന്ന അകപ്പുര വിസ്തൃതമാക്കപ്പെടണം. അപ്പോഴേ അവിടെ ദൈവത്തിനും സഹജീവികൾക്കും സ്ഥലവും സ്ഥാനവുമൊക്കെ ഉണ്ടാകൂ. സ്വത്തല്ല, ഹൃത്താണ് മഹത്തരം. വാരിക്കൂട്ടുന്നവരെയല്ല, വാരിക്കൊടുക്കുന്നവരെയാണ് വിണ്ണ് വന്ദിക്കുന്നത്.

### ആനന്ദം

പുല്ക്കൂട് ആനന്ദം എന്ന പുണ്യത്തിന്റെ കൂടാണ്. ഒരാളുടെ സമഗ്രമായ സജീവതയുടെ ഫലമായി സ്വാഭാവികമായി പ്രകടമാകുന്ന ഭാവമാണ് ആനന്ദം. ദൈവമക്കൾ എന്ന നിലയിലും വിലയിലും മനുഷ്യർ ആത്യന്തികമായി അനുഭവിക്കേണ്ട അനശ്വരമായ ആത്മീയാനന്ദത്തിന്റെ ഭാവമാണ് പുല്ക്കൂട്ടിൽ പുഞ്ചിരിച്ചുകിടക്കുന്ന ദിവ്യപൈതലിന്റേത്. അത് അപരാധങ്ങളിൽനിന്നുള്ള സ്വാതന്ത്ര്യത്തിന്റെ സന്തോഷമാണ്. സൃഷ്ടപ്രപഞ്ചമാസകലം ആ രാത്രിയിൽ ആഹ്ലാദിച്ചു.

ആനന്ദം ആത്മാവിന്റെ ദാനമാണ്. നൈമിഷികമായ സുഖങ്ങളിൽനിന്നു മാത്രം ലഭിക്കുന്ന വെറും ഇന്ദ്രിയസന്തോഷമല്ല അത്. സുഖങ്ങളിലും അസുഖങ്ങളിലും ഒരുപോലെ സ്ഥായിയായി ഉള്ളിൽ നിലനില്ക്കുന്ന മഹത്തരമായ ഒന്നാണ്. ആത്മാർത്ഥമായ ആനന്ദം മിന്നുന്ന മുഖങ്ങൾ ഭൂമുഖത്തുനിന്നു മെല്ലെ അന്യംനിന്നുപോകുന്നുണ്ടോ എന്നു സംശയം. പുഞ്ചിരിക്കാൻ പ്രത്യേക പരിശീലനം ആവശ്യമായിക്കൊണ്ടിരിക്കുന്ന അപകടാവസ്ഥയിലാണ് ഇന്നു മനുഷ്യൻ. ആനന്ദം ഹൃദയത്തിലുണ്ടെങ്കിലേ വദനത്തിലും അധരത്തിലും വരൂ. കല്മഷമില്ലാത്ത ഹൃദയത്തിൽനിന്നേ കറകളഞ്ഞ ആമോദം നിർഗമിക്കൂ. തിന്മയുടെ തേർവാഴ്ച തുടരുന്നിടത്തോളംകാലം സത്യമായ സന്തോഷങ്ങൾ തമസ്കരിക്കപ്പെടും.

നോവൽ 21



# മിഴിയിതൾപ്പൂക്കൾ

ജോർജ് പുളിങ്കാട്

കൺസ്ട്രക്ഷൻ കമ്പനിയുടെ എം.ഡി. രാജേന്ദ്രബാബു, വളരെ അടിയന്തരമായി ആർക്കിടെക്ട് സുമനെ എറണാകുളത്തെ ഹെഡ് ഓഫീസിലേക്കു വിളിപ്പിച്ചു. സുമൻ തയ്യാറാക്കി, ശ്രീജിത്ത് സ്വന്തം ലേബൽ ചാർത്തിയ പ്ലാനും എസ്റ്റിമേറ്റും ക്ലയന്റിനു നൽകിക്കഴിഞ്ഞ സന്ദർഭമായിരുന്നു, അത്. എന്തായിരിക്കും അതിന്റെ റിസൾട്ട് എന്നറിയാൻ സുമന് ആകാംക്ഷയുണ്ട്. വർക്കു മുഴുവൻ തന്റെയാണ്. ഒപ്പും സീലും മാത്രമാണ് ചീഫ് ആർക്കിടെക്ട് ശ്രീജിത്തിന്റേത്.

"ഹലോ... സുമൻ... വെരി ഗ്ലാഡ്റ്റുമീറ്റ് യൂ. പ്ലീസ് ടേക്ക് ദ സീറ്റ്." ആഹ്ലാദത്തോടെയാണ് രാജേന്ദ്രബാബു വളരെ ജൂണിയറായ സുമനെ സ്വീകരിച്ചത്. സുമൻ എം.ഡി. ക്കെതിരെയുള്ള വിശിഷ്ടമായ ഇരിപ്പിടത്തിലിരുന്നു.

"എന്താ... സാർ, പെട്ടെന്നിങ്ങനെ വിളിച്ചത്?" സുമൻ തിരക്കി.

"കാരണമുണ്ട്. ഒന്നിലധികം കാരണങ്ങൾ. ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം ലക്ഷദ്വീപിൽ നമുക്ക് വളരെ പ്രധാനപ്പെട്ട ഒരു കൺസ്ട്രക്ഷനു കരാറായിരിക്കുന്നു. വലിയ ഒരു വർക്ക്. സർക്കാരിന്റേത്."

"വളരെ സന്തോഷം. എന്റെ വർക്കിനെപ്പറ്റിയുള്ള അഭിപ്രായമെന്തെങ്കിലും വന്നോ, സാർ?"

"വന്നു. സൂപ്പർസ്റ്റാർ അതീവസന്തോഷത്തിലാണ്. ശ്രീജിത്തിന്റെ നമ്പർ ചോദിച്ചു വിളിച്ചു, ഞാൻ കൊടുത്തില്ല."

"അതെന്താ സാർ? കൊടുക്കാമായിരുന്നു. എനിക്കതിലൊരു പരിഭവവുമില്ല. ഒരുപക്ഷേ, അദ്ദേഹത്തിന്റെ മുദ്ര കണ്ടതുകൊണ്ടായിരിക്കും സൂപ്പർ സ്റ്റാർ ഇത്രയ്ക്കങ്ങിഷ്ടപ്പെട്ടത്."

"ഞാൻ സത്യം പറഞ്ഞു. പുതിയ ചെറുപ്പക്കാരുടെ പുതുപുത്തൻ സൃഷ്ടികളെയാണിന്ന് വിവരമുള്ളവർ ഇഷ്ടപ്പെടുന്നത്. ഞാനതു മുഴുവൻ ശ്രദ്ധിച്ചു. ഇത്ര വേഗത്തിൽ ഇത്ര മെച്ചപ്പെട്ട ഒരു വർക്ക് പൂർത്തിയാക്കിത്തന്നതിന് സുമനെന്റെ അഭിനന്ദനം. നന്ദി."

"ഹൊ! സാർ..." എനിക്ക് വലിയ ടെൻഷനായിരുന്നു. ക്ലയന്റിനത് ഇഷ്ടപ്പെടാതിരുന്നാൽ കമ്പനിക്കും ശ്രീജിത്ത് സാറിനും എനിക്കുമൊക്കെ ഡാമേജാകുമായിരുന്നു.

"സൂപ്പർസ്റ്റാറിന് സുമന്റെ നമ്പർ അല്പം മുമ്പാണ് ഞാൻ സെൻഡ് ചെയ്തത്. അദ്ദേഹം എപ്പോഴെങ്കിലും വിളിക്കും. ഷൂട്ടിങ്ങല്ലേ, രാവും പകലും. അങ്ങേരുടെ സമയം കത്തിനിൽക്കുകല്ലേ."

"ഏറ്റവും നല്ല സ്വപ്നത്തിൽപ്പോലും ഇത്രയും ഞാൻ സന്തോഷിച്ചിട്ടില്ല."

"ഇദ്ദേഹത്തിന്റെ ബംഗ്ലാവിന്റെ ഡിസൈനർ എന്ന നിലയിൽ സുമനും ഈ ഫീൽഡിലെ ഒരു സൂപ്പർസ്റ്റാറാകാൻ പോകുകാ. ഒരു കാര്യം പക്ഷേ ശ്രദ്ധിക്കണം. നന്നേ ചെറുപ്പത്തിലേ വലിയ അച്ചീവ്മെന്റുകളുണ്ടാകുമ്പോൾ മനസ്സിനെ പിടിച്ചു നിർത്താൻ കഴിയണം. പ്രശംസ കിട്ടും. പാരിതോഷികങ്ങൾ കിട്ടും. പണം കിട്ടും. അഹങ്കാരമുണ്ടാകരുത്. ഉള്ള കഴിവുകൾ കൂടുതൽ മികവുറ്റതാക്കാൻ ശ്രമിക്കണം."

"ഇല്ല സാർ. ഞാനൊട്ടും അഹങ്കരിക്കില്ല. ശ്രീജിത്ത്സാറിന്റെ കഴിവുകളെ ഒട്ടും കുറച്ചു കാണാനും ഞാനില്ല. എന്റെ പേരിൽ ഇതറിയപ്പെടുന്നത് ശ്രീജിത്ത്സാറിന് ഇഷ്ടപ്പെടാതെ വരുമോ എന്നാണ്."

"ഇല്ലടോ. അയാളിൽനിന്ന് ഇനിയധികമൊന്നും പ്രതീക്ഷിക്കേണ്ടതില്ല. അണയാൻ പോകുന്ന ഒരു സൂര്യനാണയാൾ. സൺസ്റ്റാർ കൺസ്ട്രക്ഷൻസിന് പുതിയൊരു സൂര്യോദയം ആവശ്യമായി വന്നിരിക്കുന്നു."

"എനിക്ക്... മനസ്സിലായില്ല സാർ."

"ശ്രീജിത്ത് ഒരു കേസിൽപ്പെട്ടിരിക്കുന്ന കാര്യം അറിയാമല്ലോ."


"അറിയാം.'

"കമ്പനിയുടെ ഇടപെടൽമൂലമാണ് ഇതുവരെ അറസ്റ്റ് ഒഴിവായത്. ഇനിയാരു നോക്കിയാലും അയാളെ രക്ഷിക്കാനാവില്ല. സുപ്രധാനമായ തെളിവുകളെല്ലാം പോലീസിനു കിട്ടിക്കഴിഞ്ഞു."

"ഹൊ! പാവം മനുഷ്യൻ!" സുമൻ പറഞ്ഞു.

"ഒന്നിച്ച് കുറെ ദിവസമുണ്ടായിരുന്നല്ലോ! ആളെങ്ങനെ?"

"ബന്ധുക്കളായിട്ട് ആരുമില്ലെന്നു തോന്നി."



"തോന്നൽ ശരിയാണ്. ശ്രീജിത്ത് ഒരു ഓർഫനാണ്. ഒരുമിച്ചുള്ള ഒരു കാർയാത്രയിൽ അച്ഛൻ, അമ്മ, സഹോദരങ്ങൾ എല്ലാം അപകടത്തിൽ മരിച്ചു. അദ്ഭുതകരമായി ശ്രീജിത്ത് മാത്രം രക്ഷപ്പെട്ടു."

"അത്രയുമൊന്നും എന്നോടു പറഞ്ഞിട്ടില്ല."

"നമുക്ക് കഥ പറഞ്ഞിരിക്കാൻ സമയമില്ല. കമ്പനി ശ്രീജിത്തിനു പകരം ആ പോസ്റ്റിലേക്ക് സുമനെ നിയമിക്കാൻ തീരുമാനിച്ച വിവരം അറിയിക്കാനാണ് വിളിച്ചു വരുത്തിയത്." എം.ഡി. ഗൗരവസ്വരത്തിൽ പറഞ്ഞു.

സുമൻ എഴുന്നേറ്റുനിന്ന് എം.ഡി.ക്കു മുന്നിൽ കൈകൂപ്പി.

"താങ്ക് യു സാർ. താങ്ക് യു വെരിമച്ച്." അവൻ പറഞ്ഞു.

"ഇന്നുതന്നെ നമുക്ക് മറ്റൊരു മീറ്റിങ്ങുണ്ട്. അവിടെവച്ച് അപ്പോയ്മെന്റ് ഓർഡർ നൽകി സുമനെ മറ്റുള്ളവർക്കു പരിചയപ്പെടുത്താം."

എം.ഡി. ചന്ദ്രബാബു ഷേക്ക് ഹാൻഡ് നൽകി സുമനെ യാത്രയാക്കി.

* * * *

"മുൻപ് മൊഴിയെടുത്തപ്പോൾ നമ്മൾ പറഞ്ഞുനിർത്തിയതെവിടെയാണെന്ന് റോണിക്കോർമ്മയുണ്ടോ?" സി.ഐ. മോഹൻകുമാർ അവനെ സൂക്ഷ്മമായി നിരീക്ഷിച്ചുകൊണ്ടു ചോദിച്ചു.

"അത്....?" റോണി പരുങ്ങി.

"ചെറുപ്പമല്ലേ, കാര്യങ്ങള് പെട്ടെന്നു മറന്നാലെങ്ങനെയാ?"

"മറ്റാരെങ്കിലുമായി ജീനായ്ക്കു സ്നേഹബന്ധമുണ്ടായിരുന്നോ എന്ന് സാർ ചോദിച്ചു."

റോണി പെട്ടെന്നുതന്നെ ഓർത്തു പറഞ്ഞു.

"പറഞ്ഞതു ശരിയാണ്. റോണിക്ക് ഓർമയുണ്ട്. ഞാനിനി ചോദിക്കുന്ന ചോദ്യങ്ങൾക്ക് സത്യസന്ധമായ മറുപടിതന്നെ കിട്ടണം. ചോദ്യങ്ങൾ വെറുതെ ചോദിക്കുന്നതല്ല. വളരെ ബുദ്ധിമുട്ടി ഞാനും എച്ച്.സി. രാജീവനും ചേർന്ന് ശേഖരിച്ച തെളിവുകളുടെ അടിസ്ഥാനത്തിലാണ് ചോദ്യങ്ങൾ."

"ഞാനിതുവരെ ഒരു നുണയും പറഞ്ഞിട്ടില്ല, സാർ. ജീനായ്ക്ക് എന്നോടല്ലാതെ മറ്റൊരാളോടും സ്നേഹമില്ലായിരുന്നു എന്നു പറഞ്ഞതു സത്യമാണ്. അവളെ മറ്റു പലരും ഇഷ്ടപ്പെട്ടിട്ടുണ്ടാകും."

"സ്നേഹവും പ്രണയവും വിട്. സൗഹൃദമുണ്ടായിരുന്നോ?"

"ഇല്ല. എന്റെ ബോധ്യമതാണ്."

"മരിച്ചതിന്റെ തലേന്നാൾ നിങ്ങൾ തമ്മിൽ വലിയ വാക്കേറ്റമുണ്ടായില്ലേ? ജീന കരഞ്ഞില്ലേ?"

"ഇല്ല. അങ്ങനെയൊരു സംഭവമുണ്ടായിട്ടേയില്ല."

"കുടുങ്ങാതിരിക്കാൻവേണ്ടി റോണി പച്ചക്കള്ളം പറയുന്നു."

റോണി ആകെ വിളറി. അവന്റെ മുഖത്ത് വിയർപ്പു പൊടിഞ്ഞു. നാവും ചൊടിയും വരണ്ടു.

"വെള്ളം വേണോ?" സി.ഐ. തിരക്കി.

"വേണം." അവൻ പറഞ്ഞു.

സി.ഐ. ബെല്ലടിച്ച് സ്റ്റാഫിനെ വരുത്തി. വെള്ളം കൊണ്ടുവരാൻ നിർദേശം കൊടുത്തു. ഒരു വലിയ ഗ്ലാസ് നിറയെ വെള്ളവുമായി അറ്റൻഡർ കടന്നുവന്നു. റോണി അയാളുടെ കൈയിൽ നിന്നും വെള്ളം വാങ്ങി ആർത്തിയോടെ കുടിച്ചു. ഗ്ലാസ് തിരിച്ചു വാങ്ങി അറ്റൻഡർ തിരിച്ചുപോയി.

"റോണിക്ക് അയൽക്കാരനായ സുധാകരൻ എന്ന മുൻമിലിട്ടറിക്കാരനുമായി ഒരു ബന്ധവുമില്ലായിരുന്നു. നിങ്ങളിവിടെ താമസം തുടങ്ങിയിട്ടിതുവരെ ആ വീട്ടിൽ കയറിച്ചെന്നിട്ടില്ല. പുറത്തുവച്ചു കാണുമ്പോൾ ജീന അയാളോടു മിണ്ടുകയും ചിരിക്കുകയും ചെയ്തിരുന്നു. രണ്ടാം നിലയിലെ ജനലിലൂടെ രാത്രിയും പകലും നിങ്ങളുടെ ജീവിതം അയാൾ ശ്രദ്ധിക്കുന്നുണ്ടായിരുന്നു. നിങ്ങളറിയാതെ." സി.ഐ. പറഞ്ഞു.

"അയാൾ ഒരു തികഞ്ഞ മദ്യപാനിയും ആഭാസനുമാണെന്നാണു ഞാൻ മനസ്സിലാക്കിയത്. ജീനാ പകൽ മുഴുവൻ ഇവിടെ തനിച്ചാണു കഴിയുന്നത്. സൗഹൃദമുണ്ടായാൽ അയാൾ എന്റെ വീട്ടിലേക്കു വന്നാലോ?" റോണി വാദിച്ചു.

"അയാളുടെ സ്വഭാവമൊന്നും എനിക്കറിയില്ല. ജീനാ മരിച്ചതിന്റെ തലേരാത്രിയിൽ ഇവിടെനിന്ന് ഒച്ചപ്പാടും ജീനായുടെ കരച്ചിലും സുധാകരൻ കേട്ടു എന്നു മൊഴി തന്നിട്ടുണ്ട്."

"നുണയാണ്. അയാളെന്തിനാണ് സാർ എന്റെ വീട്ടിലെ കാര്യങ്ങളന്വേഷിക്കുന്നത്, ജനലിലൂടെ എപ്പഴും എന്റെ വീട്ടിലേക്കു നോക്കിനിൽക്കുന്നത്? ജവാൻമാരെല്ലാവരും വിശുദ്ധരൊന്നുമല്ല സാർ. അയാൾ ഒരു യഥാർത്ഥജവാനാണോയെന്നുപോലും എനിക്കു ഡൗട്ടുണ്ട്." റോണി വാദിച്ചു.

"എടോ, സത്യം പറയിക്കാൻ പോലീസിന്റെ കൈയിൽ പല മാർഗങ്ങളുണ്ട്. പഴയ കാലത്ത് ഇതുപോലെ ഒപ്പം കസേരയിട്ടിരുത്തിയൊന്നും ഒരുത്തനെയും ചോദ്യം ചെയ്തിട്ടില്ല. അതുകൊണ്ട് നടന്ന കാര്യങ്ങൾ സത്യസന്ധമായി പറയുന്നതാ നല്ലത്."

"തലേന്നാൾ വഴക്കു നടന്നു, ഇല്ലേ?"

"ഇല്ല. ഞങ്ങൾ തമ്മിൽ ഒരിക്കലും പിണങ്ങിയിട്ടില്ല. ഒരു കാര്യത്തിനും."

അവൻ പറയുന്നതു സത്യമല്ലെന്ന് സി.ഐ. മോഹൻകുമാറിനു ബോധ്യമായി. കുറ്റം സമ്മതിച്ചാൽ ആത്മഹത്യാപ്രേരണക്കുറ്റം ഇവന്റെമേൽ ചുമത്താനാകും. സാഹചര്യത്തെളിവുകൾ വച്ച് കോടതി ശിക്ഷ വിധിക്കാനും സാധ്യതയുണ്ട്

"റോണീ, സത്യം പറയില്ലെന്നു വാശിയിലാണോ?" സി.ഐ. ഗൗരവത്തിൽ ഒരിക്കൽക്കൂടി ചോദിച്ചു. അവൻ തല കുമ്പിട്ടിരുന്നതേയുള്ളൂ.

സി.ഐ. കോളിങ് ബെല്ലടിച്ചു.

കോൺസ്റ്റബിൾ ബെന്നി കയറി വന്നു.

"സർ." ബെന്നി സി.ഐ.യെ സല്യൂട്ട് ചെയ്തു.

"എച്ച്.സി. രാജീവനുണ്ടോ അവിടെ?"

"രാജീവൻ സാർ ഉണ്ട് സാർ."

"ജീനാക്കേസിന്റെ ഫയലുമായി വരാൻ പറയ്. മറ്റു റെക്കാർഡ്സും കൊണ്ടുവരാൻ പറയണം."

"യേസ് സാർ." കോൺസ്റ്റബിൾ ബെന്നി കടന്നുപോയി.

സി.ഐ. മോഹൻകുമാർ, റോണിയുടെ ഭാവചലനങ്ങൾ സസൂക്ഷ്മം നിരീക്ഷിച്ചുകൊണ്ടിരുന്നപ്പോൾ, എച്ച്.സി. രാജീവൻ റെക്കോർഡുകളുമായി കയറിവന്നു.

"എടോ റോണീ, താനാ കസേരയിൽനിന്നെഴുന്നേറ്റ് മാറി നിൽക്ക്." സി.ഐ. പറഞ്ഞു. റോണി പെട്ടെന്നു പിടഞ്ഞെണീറ്റ് അല്പം മാറിനിന്നു. റോണിയുടെ മുഖം ജീവനറ്റ ശവത്തിന്റേതുപോലെ തോന്നിച്ചു.

"രാജീവാ... കിണറ്റിൽനിന്നു കിട്ടിയ ആ ചിത്രം എടുക്ക്." രാജീവൻ ചിത്രമെടുത്തു സി.ഐ. യ്ക്കു കൈമാറി. അദ്ദേഹമത് റോണിയുടെ നേർക്കു തിരിച്ചുപിടിച്ചു.

"താൻ ഈ ചിത്രം മുമ്പു കണ്ടിട്ടുണ്ടോ?"

"ഇല്ല." വെപ്രാളത്തോടെയായിരുന്നു മറുപടി. സി.ഐ.യുടെ മുഖം മുറുകി.

"നിന്റെ മുറ്റത്തെ കിണറ്റിൽനിന്നു തപ്പിയെടുത്തതാ. 'ഇതാരു വരച്ചതാ? ആരുടെ ചിത്രമാ? ഇത് കിണറ്റിലെറിഞ്ഞതാരാ?"

"എനിക്കറിയില്ല. എനിക്കൊന്നും അറിയില്ല." തളർന്ന ശബ്ദത്തിൽ അവൻ നിഷേധിച്ചു. കൂടുതലെന്തെങ്കിലും ചോദിക്കുകയോ വിരട്ടുകയോ ചെയ്താൽ റോണി കുഴഞ്ഞുവീണേക്കുമെന്ന് സി.ഐ. മോഹൻകുമാറിനു തോന്നി.

"പോടാ... ഇറങ്ങിപ്പോടാ എന്റെ മുമ്പീന്ന്." സി.ഐ. മോഹൻകുമാർ രോഷത്തോടെ പറഞ്ഞു.

റോണി വെപ്രാളത്തോടെ പുറത്തിറങ്ങി. (തുടരും)

# മനസ്സിൽ സൂക്ഷിക്കുക, ക്രിസ്മസ്



ഡോ. പോൾ മണലിൽ

ക്രിസ്മസിനെപ്പറ്റി ചാൾസ് ഡിക്കൻസ് എഴുതിയ മനോഹരമായൊരു ചെറുനോവലാണ് 'ഒരു ക്രിസ്മസ് കരോൾ.' എബനേസർ സ്ക്രൂജ് എന്ന ധനികവ്യാപാരിയാണ് ഈ നോവലിലെ മുഖ്യകഥാപാത്രം. ക്രിസ്മസിനെ 'വ്യർഥം' എന്നു വിശേഷിപ്പിക്കുന്ന സ്ക്രൂജ് സ്വാർഥനും കരുണയില്ലാത്തവനുമായിരുന്നു. ദരിദ്രരോടും തൊഴിലാളികളോടും സ്ക്രൂജിനു ലവലേശംപോലും ആർദ്രതയുണ്ടായിരുന്നില്ല. ക്രിസ്മസിനോട് അയാൾക്കു വെറുപ്പായിരുന്നു. സ്ക്രൂജ് ലുബ്ധനും അത്യാഗ്രഹിയുമായിരുന്നു. ക്രിസ്മസ് ദിനത്തിൽ അതിന്റെ സന്തോഷം നേരാനെത്തിയവരെയും കാരുണ്യം തേടിയെത്തിവരെയും എബനേസർ സ്കൂജ് നിരാകരിക്കുന്നു. അന്നു രാത്രിയിലാണ് തന്റെ വ്യാപാരപങ്കാളിയായിരുന്ന ജേക്കബ് മാർലിയുടെ പ്രേതം ചങ്ങലയിൽ ബന്ധിതനായി സ്കൂജിനെ സന്ദർശിക്കുന്നത്.

ഒരു ക്രിസ്മസ്ദിനത്തിൽ മരിച്ചുപോയ ജേക്കബ് മാർലി ഇപ്രകാരം പ്രത്യക്ഷപ്പെടുന്നത് ഒരു പ്രത്യേക സന്ദേശം അറിയിക്കാനാണ്. സ്കൂജിനെപ്പോലെ ധനസമ്പാദനത്തിൽ മാത്രം മുഴുകിജീവിച്ചതുകൊണ്ടാണ് മരണത്തിനുശേഷം ഇപ്രകാരം ചങ്ങലയിൽ ബന്ധിതനായിരിക്കുന്നതെന്ന് ജേക്കബ് മാർലി തന്റെ സുഹൃത്തിനെ അറിയിക്കുന്നു. സമാനമായ അനുഭവം എബനേസർ സ്ക്രൂജിനുണ്ടാകരുതെന്നാണ് ജേക്കബ് മാർലി ആഗ്രഹിച്ചത്. ഇക്കാര്യം സമർത്ഥിക്കാൻ മൂന്ന് ആത്മാക്കൾ സ്കൂജിനെ രാത്രിയിൽ സന്ദർശിക്കുമെന്നുംകൂടി പറഞ്ഞിട്ടാണ് ജേക്കബ് മാർലിയുടെ പ്രേതം അപ്രത്യക്ഷമായത്.

ചാൾസ് ഡിക്കൻസിന്റെ നോവലിൽ മുഖ്യആശയം അവതരിപ്പിക്കുന്നത് ഈ മൂന്ന് ആത്മാക്കളാണ്. എബനേസർ സ്കൂജിനെ അന്നു രാത്രിയിൽ സന്ദർശിക്കുന്നതു ക്രിസ്മസിന്റെ ഭൂതകാലആത്മാവും വർത്തമാനകാല ആത്മാവും ഭാവികാല ആത്മാവുമാണ്. മൂന്നു കാലത്തിന്റെ ആത്മാക്കളെ അവതരിപ്പിക്കുന്നതിലൂടെ ക്രിസ്മസിനെപ്പറ്റി ഒരു പ്രവാചകദൗത്യമാണ് ചാൾസ് ഡിക്കൻസ് നിർവഹിക്കുന്നത്. കേൾക്കുമ്പോൾ ലളിതമെന്നു തോന്നുന്ന ഒരാശയമാണിത്. ക്രിസ്മസിന്റെ ഭൂതകാലആത്മാവിനെ അവതരിപ്പിക്കുന്നതിലൂടെ എബനേസർ സ്ക്രൂജിന്റെ ബാല്യവും യൗവനവും ഡിക്കൻസ് ചിത്രീകരിക്കുന്നു. അക്കാലത്ത് സ്ക്രൂജിനു മറ്റുള്ളവരോട് സ്നേഹവും അനുകമ്പയും ആർദ്രതയും ഉണ്ടായിരുന്നു. ധനത്തോടുള്ള അമിതമായ ആസക്തി സ്ക്രൂജിൽ അന്നു കുടിയേറിയിരുന്നില്ല. അക്കാലത്തു ജീവിതത്തിനൊരു പ്രസരിപ്പുണ്ടായിരുന്നുവെന്ന് അയാൾ തിരിച്ചറിയുന്നു. ആ പ്രസരിപ്പും പ്രതീക്ഷയും പ്രത്യാശയും തനിക്കിപ്പോൾ നഷ്ടപ്പെട്ടതായി എബനേസർ സ്ക്രൂജ് മനസ്സിലാക്കുന്നു. ഭൂതകാല ആത്മാവ് പ്രത്യക്ഷപ്പെടുന്നത് സ്ക്രൂജിനെ ഇക്കാര്യം ഓർമപ്പെടുത്താനാണ്.

ക്രിസ്മസിന്റെ വർത്തമാനകാല ആത്മാവ് പ്രത്യക്ഷപ്പെടുന്നതു മറ്റൊരു ദൗത്യവുമായിട്ടാണ്. എബനേസർ സ്കൂജിന്റെ ചുറ്റും ജീവിക്കുന്ന ദരിദ്രർ ക്രിസ്മസിനെ ആഹ്ലാദത്തോടെ സ്വീകരിക്കുന്ന കാര്യം ഈ ആത്മാവ് ചൂണ്ടിക്കാണിക്കുന്നു. അവിടെയുള്ള ബോബ് ക്രാച്ചിറ്റിന്റെ കുടുംബം ദരിദ്രമാണെങ്കിലും ക്രിസ്മസിന്റെ സന്തോഷത്തെ സ്വീകരിക്കാൻ അവർക്കു ദാരിദ്ര്യം തടസ്സമായിരുന്നില്ല. രോഗിയായി കിടക്കുന്ന ടൈനിടിമിനെ ചൂണ്ടിക്കാട്ടിക്കൊണ്ട്, ക്രിസ്മസ്നാളിൽ അയാൾ കാണിക്കുന്ന പ്രത്യാശയും വിശ്വാസവും പ്രതീക്ഷയും വർത്തമാനകാല ആത്മാവ് എബനേസർ സ്കൂജിനെ ധരിപ്പിക്കുന്നു.

മൂന്നാമതു പ്രത്യക്ഷപ്പെടുന്ന ക്രിസ്മസിന്റെ ഭാവികാല ആത്മാവ് മറ്റൊരു സന്ദേശമാണ് സ്ക്രൂജിനു പകർന്നനൽകുന്നത്. സ്ക്രൂജ് മരിക്കുമ്പോൾ അയാളെച്ചൊല്ലി കണ്ണീർപൊഴിക്കാനോ വിലപിക്കാനോ ആരും ഉണ്ടാവില്ലെന്ന യാഥാർഥ്യം ഭാവികാല ആത്മാവ് ധരിപ്പിക്കുന്നു. ധനത്തിൽ മുകളിൽ കാവലിരിക്കുന്ന എബനേസർ സ്ക്രൂജിന്റെ ആർത്തിയും അത്യാഗ്രഹവും ജീവിതത്തിൽ ഒരു മഹത്ത്വവും ഉണ്ടാക്കുകയില്ലെന്നു ഭാവികാല ആത്മാവ് മുന്നറിയിപ്പു നൽകുകയാണ്.

ചാൾസ് ഡിക്കൻസിന്റെ ഈ നോവൽ വായിച്ചുകഴിയുമ്പോൾ ക്രിസ്മസിന്റെ മഹത്തായ സന്ദേശം പ്രകടമാകുന്നു. എബേസർ സ്ക്രൂജ് ഒടുവിൽ രൂപാന്തരീകരണത്തിനു വിധേയനാകുന്നു. അയാൾ സ്നേഹവും കരുണയും മനസ്സലിവും നന്മയും നിറഞ്ഞ പുതിയൊരു മനുഷ്യനായി മാറുകയാണ്. ക്രിസ്മസിനെ സ്ക്രൂജ് തന്റെ ഹൃദയത്തിലേക്കു സ്വീകരിക്കുന്നു. ക്രിസ്മസിന്റെ യഥാർഥ ആത്മാവ് സ്നേഹമാണെന്നും ആ സ്നേഹം പങ്കിടാനുള്ളതാണെന്നും സ്ക്രൂജിനു ബോധ്യമാകുന്നു. സ്വാർഥത നിറഞ്ഞ സ്ക്രൂജിന്റെ മനസ്സിലേക്ക് സമൂഹത്തിന്റെ നൊമ്പരവും വേദനയും ദുഃഖവും കടന്നുവരുന്നു. മറ്റുള്ളവരുടെ സന്തോഷത്തിലും സന്താപത്തിലും പങ്കുചേരാൻ എബനേസർ സ്ക്രൂജ് സന്നദ്ധനാകുന്നു.

കഥയുടെ അവസാനം ചാൾസ് ഡിക്കൻസ് പറയുന്നത്, എല്ലാ ദിവസവും എബനേസർ സ്ക്രൂജ് 'ക്രിസ്മസ് മനസ്സിൽ സൂക്ഷിച്ചു' എന്നാണ്. അതായത്, ക്രിസ്മസ് ഒരു ജീവിതശൈലിയായി സ്ക്രൂജ് സ്വീകരിച്ചു എന്നാണ് ഡിക്കൻസ് പറയുന്നത്.

ഇതിന്റെ അർഥമെന്താണ്?



ക്രിസ്മസ് ഒരു ദിവസം മാത്രമുള്ള ആഘോഷമല്ല. ജീവിതത്തിൽ ആദ്യന്തം കരുണയും സ്നേഹവും ആർദ്രതയും നിറയ്ക്കുന്നതാണ് യഥാർത്ഥ ക്രിസ്മസ്. സ്ക്രൂജിന്റെ രൂപാന്തരീകരണം സമർത്ഥിക്കുന്നത്, ക്രിസ്മസിന്റെ പ്രകാശം നമ്മുടെ ഹൃദയത്തിലേക്കു കടന്നുവന്നാൽ, അയാളുടെ ജീവിതം പുതുതായി പിറവിയെടുക്കും എന്നുള്ളതാണ്.

ക്രിസ്തുവിന്റെ ജനനം അവതരിപ്പിക്കുന്ന പ്രകാശത്തെയും പുതുജീവിതത്തെയും കുറിച്ചാണ് 'ഒരു ക്രിസ്മസ് കരോൾ' എന്ന ചെറുനോവൽ സംസാരിക്കുന്നത്. ക്രിസ്തുവിനെ മനസ്സിൽ സൂക്ഷിക്കാൻ തയ്യാറാകുമ്പോൾ നമ്മുടെ മനസ്സിലെ ഇരുട്ടും സ്വാർത്ഥതയും കാഠിന്യവും ഇല്ലാതാകും. യഥാർഥ ക്രിസ്മസ് സ്നേഹത്തിന്റെ പങ്കിടലാണെന്ന് ചാൾസ് ഡിക്കൻസ് സമർത്ഥിക്കുന്നത് എബനേസർ സ്ക്രൂജിനെ ചിത്രീകരിച്ചുകൊണ്ടാണ്. കൊടുക്കലും പങ്കിടലും ചെറിയ വാക്കുകളാണെന്നു നമുക്കു തോന്നാമെങ്കിലും അതിന്റെ പ്രയോഗത്തിൽ ഈ വാക്കുകളുടെ അർഥത്തിന് ആഴം സംഭവിക്കുന്നു. ജീവിതം ഒരനുഗ്രഹമായി രൂപാന്തരപ്പെടുന്നു, മനുഷ്യബന്ധങ്ങൾ പുനഃസ്ഥാപിച്ചു കഴിയുമ്പോൾ ക്രിസ്മസിന്റെ സന്തോഷവും സമാധാനവും നമുക്ക് അനുഭവവേദ്യമാകുമെന്നാണ് ചാൾസ് ഡിക്കൻസ് പറയുന്നത്.

'ഒരു ക്രിസ്മസ് കരോൾ' എന്ന കഥ ഇന്നത്തെ കാലവുമായി ബന്ധപ്പെടുത്തിയാവണം നമ്മൾ ക്രിസ്മസ് ആഘോഷിക്കേണ്ടത്. രണ്ടായിരം വർഷമായി നമ്മൾ ക്രിസ്മസ് ആഘോഷിക്കുന്നുണ്ടെങ്കിലും ഡിക്കൻസ് എഴുതിയതുപോലെ അതിനെ മനസ്സിൽ സൂക്ഷിക്കാൻ കഴിയുന്നില്ലെന്നുള്ളതാണ് ഈ ആഘോഷം നൽകുന്ന പാഠം. എബനേസർ സ്ക്രൂജ് എന്ന ഡിക്കൻസ് കഥാപാത്രം പത്തൊമ്പതാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മനുഷ്യനാണ്. സ്ക്രൂജിന്റെ മനോഭാവത്തിൽ ഇന്നും വ്യതിയാനമുണ്ടായിട്ടില്ലെന്നാണ് 'ഒരു ക്രിസ്മസ് കരോൾ' കഥയുടെ വായന നമ്മെ പഠിപ്പിക്കുന്നത്. സ്വാർത്ഥതയും കാഠിന്യവും ക്രൂരതയും മനുഷ്യത്വമില്ലായ്മയും സമകാലത്തു വർധിച്ചുകൊണ്ടിരിക്കുന്നു.

ക്രിസ്മസ് ഇന്ന് വെറുമൊരു ആഘോഷമായി പരിണമിച്ചിരിക്കുന്നു, നമുക്കു ചുറ്റും ക്രിസ്മസ് ഗാനങ്ങളും കേക്കുകളും വിളക്കുകളും മാത്രമേയുള്ളൂ! കുടുംബങ്ങളിൽ അശാന്തിയും അസംതൃപ്തിയും ഇടംപിടിച്ചിരിക്കുന്നു. യുവതലമുറയുടെ അസ്വസ്ഥതയും പരക്കം പാച്ചിലും കണ്ടില്ലെന്ന് ആരും നടിക്കരുത്.

മാതാപിതാക്കൾ ഏകാന്തതയുടെ ലോകത്തിലേക്കു നീങ്ങിക്കൊണ്ടിരിക്കുന്നു. വിദ്യാഭ്യാസം, തൊഴിൽ, ഭക്ഷണം, രോഗം എന്നിങ്ങനെ പലതും ഉത്തരം കിട്ടാത്ത വിഷയങ്ങളായി വളർന്നുവരുന്നു. ആഗോളതലത്തിൽ നോക്കിയാൽ യുദ്ധത്തിന്റെ കരാളഹസ്തങ്ങൾ മനുഷ്യരാശിയെ അമർത്തിക്കൊണ്ടിരിക്കുന്നു. ഭൂമിയിൽ സമാധാനവും മനുഷ്യർക്കിടയിൽ സംപ്രീതിയും സൗഹൃദവും എവിടെ? സമൂഹം ജാതിയായും മതമായും വർഗമായും ശിഥിലമാണിന്ന്.

അതിനാൽ ക്രിസ്മസിന്റെ മൂന്ന് ആത്മാക്കൾ നമ്മുടെ മുമ്പിൽ പ്രത്യക്ഷപ്പെടേണ്ട കാലമാണിത്. ഈ മൂന്ന് ആത്മാക്കൾ അവതരിപ്പിച്ച ഭൂതവും വർത്തമാനവും ഭാവിയും ഒന്നിച്ചു നമ്മുടെ മനസ്സിൽ പ്രവർത്തിക്കുമ്പോൾ മനസ്സിൽ സൂക്ഷിച്ചുവയ്ക്കാൻ കഴിയുന്ന ഒരു ക്രിസ്മസ് നമ്മിൽ ഉണ്ടാകും.

ക്രിസ്തുവിന്റെ ജന്മത്തിന്റെ സത്യമായ അർഥം സാക്ഷാത്കരിക്കണമെങ്കിൽ ക്രിസ്മസ് എല്ലാ ദിവസവും ജീവിതത്തിൽ അനുഭവവേദ്യമാക്കണമെന്നു ഗാന്ധിജി പറഞ്ഞിട്ടുണ്ട്. 1940 ഡിസംബർ 24 നു ക്രിസ്മസ്നാളിൽ ഹിറ്റ്ലർക്ക് അയച്ച കത്തിൽ ഗാന്ധിജി ആവശ്യപ്പെട്ടതു മനുഷ്യത്വം നിലനിർത്താൻ യുദ്ധം അവസാനിപ്പിക്കണമെന്നാണ്. ഗാന്ധിജിയുടെ വീക്ഷണത്തിൽ മനുഷ്യത്വം നിലനിർത്താനും പുനഃസ്ഥാപിക്കാനും ഉള്ള അസുലഭസന്ദർഭമാണ് ക്രിസ്മസ്.

മനുഷ്യത്വം ഇന്നൊരു സമസ്യയാണ്. മനുഷ്യത്വം വീണ്ടെടുക്കാനുള്ള ആഹ്വാനമാണ് ക്രിസ്മസ് നൽകുന്നത്. മനുഷ്യസ്നേഹം, ത്യാഗം, കരുണ എന്നിങ്ങനെയുള്ള കാര്യങ്ങൾ മാത്രമല്ല ക്രിസ്മസ്വേളയിൽ ധ്യാനിക്കാനുള്ളത്. നമ്മുടെ മനസ്സ് മാറ്റാനുള്ള ഒരു സന്ദർഭം കൂടിയാണിത്. വിക്ടർ ഹ്യൂഗോയുടെ 'പാവങ്ങൾ' എന്ന കൃതിയിലെ ജിയാൻ വാൽജിൻ എന്ന കുറ്റവാളി ഒരു ബിഷപ്പിന്റെ കരുണയും സ്നേഹവും കരുതലും കണ്ടപ്പോൾ മാറ്റത്തിനു സന്നദ്ധനായി, മനുഷ്യനെ രൂപാന്തരപ്പെടുത്തുന്നതു കരുണയും കരുതലും കടാക്ഷവുമാണെന്ന് വിക്ടർ ഹ്യൂഗോ മാത്രമല്ല ടോൾസ്റ്റോയിയും ദോസ്തോയേവ്സ്കിയും എഴുതിയിട്ടുണ്ട്. ഫാദർ സോസിമയിലൂടെയും കരമസോവിലൂടെയും ദോസ്തോയേവ്സ്കി പഠിപ്പിക്കുന്നത്, ചോദ്യം മാറുന്നത് സ്വയംമാറുന്നതിലൂടെയാണെന്നാണ് നമ്മുടെ മനസ്സിൽ മാറ്റം വന്നാൽ ലോകവും മാറും.

ദരിദ്രനായ ഒരു ചെരുപ്പുകുത്തിയുടെ കഥ ടോൾസ്റ്റോയി എഴുതിയിട്ടുണ്ട്. 'ഒരു ചെരുപ്പുകുത്തിയുടെ സ്വപ്നം' എന്ന ഈ കഥയുടെ ഇംഗ്ലീഷ് ശീർഷകം എന്നെ ഏറെ ആകർഷിച്ചു. 'Where Love Is, God is' എവിടെയാണ് സ്നേഹം, അവിടെയാണ് ദൈവം എന്നാണ് ഈ കഥ ഉദ്ഘോഷിക്കുന്നത്. ഒരു ദുരന്തത്തിൽ മനസ്സ് തകർന്ന മാർട്ടിൻ അദേച്ചിനു ഒരു മിഷനറി ബൈബിൾ സമ്മാനിക്കുന്നു. അതു വായിക്കുന്ന അയാൾ ക്രിസ്മസ് ദിനത്തിൽ യേശു തന്നെ കാണാൻ വരുമെന്നു സ്വപ്നം കാണുന്നു. അതിനായി കാത്തിരിക്കുന്ന അയാൾ പാവങ്ങളെ സഹായിക്കുന്ന ദൗത്യത്തിൽ ഏർപ്പെടുന്നു. ദിവസം മുഴുവൻ അയാൾ പട്ടിണിപ്പാവങ്ങളെ ശുശ്രൂഷിച്ചു. എന്നാൽ, ക്രിസ്മസ് ദിനത്തിൽ യേശു വന്നില്ല. പക്ഷേ, അയാൾ ഒരു അശരീരി കേട്ടു. ഞാൻ നിന്റെ കൂടെ ഉണ്ടായിരുന്നുവെന്നായിരുന്നു ആ അശരീരി. അയാൾ പാവങ്ങളെ ശുശ്രൂഷിച്ചപ്പോഴും സ്നേഹിച്ചപ്പോഴും കരുണ ചൊരിഞ്ഞപ്പോഴും യേശുവിനെയാണ് ശുശ്രൂഷിച്ചതും സ്നേഹിച്ചതും എന്നായിരുന്നു അശരീരി വ്യക്തമാക്കിയത്. അതിനാൽ ക്രിസ്മസ് നൽകുന്ന ബോധ്യം, കരുണയും സ്നേഹവും ആർദ്രതയും പ്രകടിപ്പിക്കുമ്പോൾ അതു നമ്മുടെ മനസ്സിൽ യേശുവിനെ സ്വീകരിക്കുന്നതിനു തുല്യമാണെന്ന ആശയമാണ്.

ടോൾസ്റ്റോയിയുടെ ഈ കഥയുടെ ശീർഷകം തന്നെയാണ് ക്രിസ്മസ് ആഘോഷിക്കുമ്പോൾ നമ്മുടെ മനസ്സിൽ നിറയേണ്ടത് 'Where Love Is, God is എന്നോ 'Where Love is, There God is Also' എന്നോ നമുക്ക് ഈ കഥയുടെ ആത്മീയ സത്യത്തെ ഒരു മിന്നൽവളയായി മനസ്സിൽ പേറേണ്ടതുണ്ട്.

■



**വചനനാളം**

**ഡിസംബർ 28**
**പിറവിക്കാലം**
**ഒന്നാം ഞായർ**

**ഉത്പ 18:1–8**
**ഏശ 11:1–12**
**റോമാ 15:7–13**
**മത്താ 2:1–12**



# മാതൃകയാകുന്ന തിരുക്കുടുംബം



ഫാ. ഡോ. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ

**പി**റവിത്തിരുനാൾ കഴിഞ്ഞുവരുന്ന ആദ്യഞായറാഴ്ച ഈ വർഷം മൂന്നു കാര്യങ്ങളാണ് സഭ അനുസ്മരിക്കുന്നത്. പിറവിക്കാലം ഒന്നാം ഞായറാഴ്ചത്തെ പ്രഘോഷണങ്ങളാണ് ആദ്യഗണം. അബ്രാഹത്തിന് കർത്താവ് മൂന്നു വ്യക്തികളായി സന്ദർശിക്കുന്ന കാര്യമാണ് ഒന്നാമത്തെ വായന (ഉത്പ 18:1–8). ജസ്സെയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തുവരുമെന്ന് ഏശയ്യാ മിശിഹായെക്കുറിച്ചു പ്രവചിക്കുന്ന വചനഭാഗമാണ് രണ്ടാം വായന (ഏശയ്യാ 11:1–12). റോമായിലെ സഭയ്ക്കെഴുതിയ ലേഖനത്തിൽനിന്നു ശ്രവിക്കുന്നത് കർത്താവിൽ പ്രത്യാശയർപ്പിക്കുന്നതിന് ജനതകൾക്കുള്ള ആഹ്വാനമാണ് (റോമാ 15:7–13). ജനതകളിൽനിന്നും ജ്ഞാനികൾ ഈശോയെ അന്വേഷിച്ചുവരുന്ന കാര്യമാണ് സുവിശേഷത്തിൽനിന്നുമുള്ള വചനഭാഗം (മത്താ 2:1–12).

ഉത്പത്തിപ്പുസ്തകത്തിൽനിന്നുമുള്ള ഒന്നാമത്തെ പ്രഘോഷണം മനുഷ്യസൃഷ്ടിയെക്കുറിച്ചുള്ളതാണ്. ദൈവത്തിന്റെ ഛായയിലും സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു എന്നു തിരുവചനം പറയുന്നു. ഛായയും സാദൃശ്യവും എന്നത് രണ്ടു വ്യത്യസ്ത കാര്യങ്ങളെ സൂചിപ്പിക്കുന്നതല്ല; മൂലഭാഷയിൽ അതു രണ്ടുംകൂടി ഒരു യാഥാർഥ്യത്തെ സൂചിപ്പിക്കുന്നതാണ്. ഉത്പത്തിപ്പുസ്തകം 5:3 അനുസരിച്ച് ആദത്തിനു ഛായയിലും സാദൃശ്യത്തിലും ഒരു മകൻ ജനിക്കുന്നു. ഛായയിലും സാദൃശ്യത്തിലുമായിരിക്കുക എന്നു പറഞ്ഞാൽ മക്കളായിരിക്കുക എന്നതാണ്. മാതാപിതാക്കന്മാരുടെ ഛായയിലും സാദൃശ്യത്തിലുമാണല്ലോ മക്കൾ ജനിക്കുന്നത്. ദൈവം തന്റെ ഛായയിലും സാദൃശ്യത്തിലും മുനുഷ്യനെ സൃഷ്ടിച്ചു എന്നുപറഞ്ഞാൽ മനുഷ്യനെ ദൈവമക്കളുടെ സ്ഥാനത്തു സൃഷ്ടിച്ചു എന്നാണ് മനസ്സിലാക്കേണ്ടത്. 1 യോഹ 3:1 നാം ദൈവമക്കളെന്നു വിളിക്കപ്പെടുന്നു. അങ്ങനെയാണുതാനും. മനുഷ്യൻ പാപംചെയ്തപ്പോൾ ആ സ്ഥാനം നഷ്ടപ്പെടുത്തി. ഈശോമിശിഹായിലൂടെ അതു വീണ്ടെടുത്തു. അങ്ങനെ നാം മിശിഹായിൽ ദത്തുപുത്രരായി. ദൈവത്തിന്റെ സൃഷ്ടിയിൽ മനുഷ്യനുള്ള അനന്യതയാണ് ഈ തിരുവചനത്തിലൂടെ വ്യക്തമാക്കുന്നത്.

രണ്ടാമത്തെ പ്രഘോഷണം പ്രഭാഷകന്റെ പുസ്തകത്തിൽനിന്നുമുള്ളതാണ്. മക്കൾക്കു മാതാപിതാക്കന്മാരോടുള്ള കടമയാണ് ഇവിടെ പറയുന്നത്. അവരുടെ വാക്കുകേട്ട് അതനുസരിച്ച് പ്രവർത്തിക്കാനാണ് പ്രഭാഷകൻ ഉപദേശിക്കുന്നത്. അവരെ ബഹുമാനിക്കണമെന്ന് കർത്താവ് ആഗ്രഹിക്കുന്നു. മാതാപിതാക്കന്മാരോടുള്ള ആദരവിന്റെ പ്രതിഫലം എന്താണ് എന്നും തിരുവചനം പറയുന്നുണ്ട്: പാപങ്ങൾക്കു പ്രായശ്ചിത്തം ചെയ്യുന്നു, നിക്ഷേപം കൂട്ടിവയ്ക്കുന്നു. മാതാപിതാക്കളെ ബഹുമാനിക്കുന്നവരുടെ മക്കൾ അവരെ സന്തോഷിപ്പിക്കും. പ്രാർഥന കർത്താവ് കേൾക്കും, ദീർഘകാലം ജീവിക്കും, അനുഗ്രഹത്തിനു പാത്രമാകും, മക്കളുടെ ഭവനങ്ങളെ ബലവത്താക്കും. നല്ല കുടുംബങ്ങൾ രൂപപ്പെടുന്നത് നല്ല മാതാപിതാക്കൾ ഉണ്ടാകുമ്പോഴാണ്. അവരെ ബഹുമാനിച്ചും ആദരിച്ചും അനുസരിച്ചും മക്കൾ വളരുമ്പോൾ അത് ദൈവത്തിന്റെ ഭവനമായിമാറും. ദൈവസ്നേഹം അനുഭവിക്കാൻ ആ കുടുംബത്തിനു സാധിക്കും.

പൗലോസ് ശ്ലീഹാ കൊളോസോസിലെ സഭയ്ക്കെഴുതിയ ലേഖനത്തിലൂടെ കർത്താവിനാൽ നയിക്കപ്പെടുന്ന കുടുംബം എപ്രകാരമുള്ളതായിരിക്കണമെന്നാണ് പറയുന്നത്. കർത്താവിനു യോഗ്യമായവിധം ഭാര്യാഭർത്തൃബന്ധം ഉണ്ടായിരിക്കണം. വിധേയത്വത്തിന്റെയും സ്നേഹത്തിന്റെയും കരുതലിന്റെയും ആയിരിക്കണം അത്. മാതാപിതാക്കളും മക്കളും തമ്മിലുള്ള ബന്ധത്തിൽ അനുസരണത്തിന്റെയും അംഗീകരിക്കലിന്റെയും പ്രോത്സാഹനത്തിന്റെയും ഭാവങ്ങൾ കുടുംബങ്ങളിൽ നിലനില്ക്കണമെന്നാണ് ശ്ലീഹാ ഉപദേശിക്കുന്നത്.

മനുഷ്യകുലത്തിന്റെ രക്ഷയ്ക്കുവേണ്ടി മനുഷ്യാവതാരം ചെയ്ത ദൈവപുത്രൻ സ്വന്തമാക്കിയ കുടുംബത്തെയാണ് ഇന്നത്തെ സുവിശേഷഭാഗത്തു കാണുന്നത്. ദൈവപുത്രൻ അവതരിച്ച കുടുംബമാണെങ്കിലും പ്രതിസന്ധികളിലൂടെയുംപ്രതികൂല സാഹചര്യങ്ങളിലൂടെയുമാണ് കടന്നുപോകുന്നത്. ആ അവസരങ്ങളിലെല്ലാം ദൈവഹിതത്തിനു സ്വയം സമർപ്പിച്ച്, ദൈവികപദ്ധതികളോടു സഹകരിച്ച് കുടുബത്തെ മുന്നോട്ടുനയിക്കുന്ന യൗസേപ്പിതാവിനെയും അതിനോടു ചേർന്നുനില്ക്കുന്ന പരിശുദ്ധമറിയത്തെയും കാണാം. തിരുക്കുടുംബം ഈജിപ്തിലേക്കു പോകുന്നതും അവിടെനിന്നു തിരിച്ചുവരുന്നതുമായ കാര്യങ്ങളാണ് സുവിശേഷത്തിൽനിന്നു ശ്രവിക്കുന്നത്. മിശിഹായുടെ മനുഷ്യാവതാരത്തോടുള്ള രണ്ടു പ്രതികരണങ്ങളാണ് മത്തായിയുടെ സുവിശേഷം രണ്ടാം അധ്യായത്തിൽ കാണാവുന്നത്. മിശിഹായെ സ്വീകരിക്കുന്ന കുടുബവും അവിടെ ഈശോയെ തേടിവന്ന് അവിടുത്തെ ആരാധിക്കുന്ന ജ്ഞാനികളും, മിശിഹായുടെ ജനനത്തിൽ അസ്വസ്ഥരായി അവിടുത്തെ വധിക്കാനൊരുങ്ങുന്ന ഹേറോദേസും കൂട്ടരും. പ്രതികൂലസാഹചര്യങ്ങളെ അതിജീവിക്കുന്ന തിരുക്കുടുംബത്തെയാണ് സുവിശേഷത്തിൽ കാണുന്നത്. പലവിധത്തിലുള്ള പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന നമ്മുടെ കുടുംബങ്ങൾക്കുള്ള മാതൃകയാണ് തിരുക്കുടുംബം.

മിശിഹായുടെ വളർത്തുപിതാവായി തിരഞ്ഞെടുക്കപ്പെട്ട യൗസേപ്പ് ദൂതന്റെ വാക്കുകളാൽ നയിക്കപ്പെടുന്നതാണ് കാണാൻ സാധിക്കുന്നത്. മിശിഹായുടെ ജനനത്തോടുള്ള മറ്റൊരു പ്രതികരണമാണ് ഹേറോദോസിന്റെ ഭാഗത്തുനിന്നുണ്ടാകുന്നത്. ഹേറോദോസ് അസ്വസ്ഥനായി എന്നു പറഞ്ഞിരിക്കുന്നതിന്റെ കാര്യം ഇവിടെ വ്യക്തമാകുകയാണ്. യഹൂദന്മാർക്ക് ഒരു രാജാവ് ജനിച്ചിരിക്കുന്നു എന്നു കേട്ടപ്പോൾ അവനെ ഉന്മൂലനം ചെയ്യാൻ ഒരുങ്ങുന്ന ഹേറോദേസിനെയാണ് ഇവിടെ കാണുന്നത്. പ്രാണരക്ഷാർഥം ഈജിപ്തിൽ അഭയംപ്രാപിക്കുകയാണ് തിരുക്കുടുംബം. പഴയനിയമത്തിൽ പലയാവൃത്തി ഈജിപ്ത് അഭയസ്ഥാനമായി മാറുന്നുണ്ട്: അബ്രാഹം (ഉത്പ 12:10–20), ഇസ്രായേലും മക്കളും (ഉത്പ 42–46), ജറോബോവാം (1 രാജ 11:40) ഊറിയ (ജറ 26:21) എന്നിവർ ഈജിപ്തിൽ അഭയം തേടിയവരാണ്. പഴയനിയമത്തിന്റെ അവസാനകാലമായപ്പോഴേക്കും ഈജിപ്തിൽ ധാരാളം യഹൂദകോളനികൾ ഉണ്ടായിരുന്നുവെന്നു ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്. ഈജിപ്തിലേക്കുള്ള പലായനത്തിലൂടെ ഇസ്രയേലിന്റെ ഈജിപ്തിലേക്കുള്ള പലായനത്തെ മിശിഹാ സ്വന്തമാക്കുന്നു.

ഹേറോദോസിന്റെ മരണത്തിനുശേഷം ഈജിപ്തിൽ കർത്താവിന്റെ ദൂതൻ പ്രത്യക്ഷപ്പെട്ട് യൗസേപ്പിനു നിർദേശം കൊടുക്കുകയാണ്. ശിശുവിനെയും അമ്മയെയും കൂട്ടി ഇസ്രയേൽദേശത്തേക്കു പുറപ്പെടുക. കുടുംബത്തിന്റെ സംരക്ഷണത്തിലുള്ള യൗസേപ്പിന്റെ പങ്കാണ് ഇവിടെ വെളിപ്പെടുത്തപ്പെടുന്നത്. യൗസേപ്പിനോടു ദൂതൻ പറയുന്നത് ശിശുവിന്റെ ജീവൻ അന്വേഷിച്ചിരുന്നവർ മരിച്ചിരിക്കുന്നു എന്നാണ്. ഈ വചനം പുറപ്പാട് 4:19–ലേക്ക് നമ്മുടെ ശ്രദ്ധ ക്ഷണിക്കുന്നു. മിദിയാനിലേക്കു പ്രാണരക്ഷാർഥം പലായനം ചെയ്ത മൂശെയ്ക്കു പ്രത്യക്ഷപ്പെട്ട് കർത്താവ് അരുൾചെയ്തു: നിന്നെ കൊല്ലാൻ കാത്തിരുന്നവർ മരിച്ചുകഴിഞ്ഞു. നീ ഈജിപ്തിലേക്കു മടങ്ങിപ്പോവുക. അടിമത്തത്തിൽ കഴിഞ്ഞിരുന്ന ഇസ്രയേലിനെ രക്ഷിക്കാനായി മൂശെ ഈജിപ്തിലേക്കു മടങ്ങിപ്പോയതുപോലെ മനുഷ്യകുലത്തെ പാപത്തിന്റെ അടിമത്തത്തിൽനിന്നു രക്ഷിക്കുന്നതിനുവേണ്ടി മിശിഹാ ഇസ്രയേലിലേക്കു മടങ്ങുന്നു.

അർക്കലാവോസ്, അവന്റെ പിതാവായ ഹോറോദോസിന്റെ സ്ഥാനത്ത് യൂദയാ ഭരിക്കുന്നു എന്നു കേട്ടപ്പോൾ അവിടേക്കു പോകാൻ യൗസേപ്പ് ഭയപ്പെട്ടു. ഹേറോദ് അർക്കലാവോസ് ക്രൂരനായ ഭരണാധികാരിയായിരുന്നു. അതിനാൽ ഏ ഡി 7–ൽ റോമാ ചക്രവർത്തി അയാളെ സ്ഥാനഭ്രഷ്ടനാക്കി നാടുകടത്തി. യൂദയാ റോമൻദേശാധിപതി നേരിട്ടുഭരിക്കാൻ തുടങ്ങി. ഈശോയുടെ പരസ്യജീവിതകാലത്ത് പീലാത്തോസ് ആയിരുന്നല്ലോ ദേശാധിപതി. ഈജിപ്തിൽനിന്നും തിരുക്കുടുംബം തിരിച്ചുവരുന്ന അവസരത്തിൽ ഹേറോദ് അർക്കലാവോസിനെ ഭയപ്പെട്ട് ഗലീലിയിലേക്കു പോയി താമസിക്കുവാൻ തീരുമാനിക്കുന്നു. അവർ ഗലീലിയായിലെ നസറത്തിൽ ചെന്നുതാമസിക്കുന്നു. നസറായൻ എന്നു വിളിക്കപ്പെടും എന്ന പ്രവാചകന്മാരുടെ വചനം പൂർത്തിയാകാനാണ് ഇതു സംഭവിച്ചത് എന്നു സുവിശേഷകൻ പറയുന്നുണ്ട് എങ്കിലും പഴയനിയമപ്രവാചകഗ്രന്ഥങ്ങളിൽ ഇപ്രകാരം ഒരു പ്രവചനം കാണാൻ സാധിക്കുകയില്ല. ഇവിടെ കൃത്യമായി ഒരു പ്രവാചകന്റെ പേര് എടുത്തുപറയുന്നില്ല; മറിച്ച് പൊതുവായി പ്രവാചകന്മാർ പറഞ്ഞിട്ടുള്ളത് എന്നാണ് എഴുതിയിരിക്കുന്നത്. നസ്രത്തിൽ വസിച്ചിരുന്നതുകൊണ്ട് നസ്രത്തിൽനിന്നുള്ളവൻ എന്ന അർഥത്തിൽ നസറായൻ എന്നു മിശിഹാ അറിയപ്പെട്ടു. എന്നാൽ, ഏതു പ്രവചനമാണ് ഇവിടെ പൂർത്തിയായത് എന്നു ചോദിച്ചാൽ കൃത്യമായ ഉത്തരമില്ല. പഴയനിയമത്തിൽ ഒരിക്കൽപ്പോലും പരാമർശിച്ചിട്ടില്ലാത്ത ഒരു സ്ഥലമാണ് നസ്രത്ത്. എന്നാൽ, ഏശയ്യ 11:1 പറയുന്നുണ്ട്: “ജെസെയുടെ കുറ്റിയിൽനിന്ന് ഒരു മുള കിളിർത്തുവരും. അവന്റെ വേരിൽനിന്ന് ഒരു ശാഖ പൊട്ടിക്കിളിർക്കും.” ഇവിടെ ശാഖ എന്നതിന് ഉപയോഗിച്ചിരിക്കുന്ന ഹീബ്രുപദം ‘നസ്സർ’ എന്നതാണ്. ‘നസ്സർ’ എന്ന മൂലത്തിൽനിന്നുമായിരിക്കണം നസ്രത്ത് എന്ന സ്ഥലനാമം ഉണ്ടാകുന്നത്. ഏശയ്യായുടെ പ്രവചനം ബാബിലോണിയൻ അടിമത്തത്തിലായിരിക്കുന്ന യൂദാഭവനത്തിൽനിന്നു തിരിച്ചുവരുന്ന ജനത്തെയാണ് ഉദ്ദേശിക്കുന്നതെങ്കിലും അത് യൂദാവംശത്തിൽനിന്നും വരാനിരിക്കുന്ന മിശിഹായായി വ്യാഖ്യാനിക്കപ്പെടുന്നുണ്ട്. ഏതായാലും സാധാരണക്കാരന്റെ ഭാഷയിൽ ഒരു നന്മയും വരുകയില്ലാത്ത സ്ഥലം എന്നു കരുതിയിരുന്ന നസ്രത്ത് (യോഹ 1:46) മിശിഹാ വാസസ്ഥലമാക്കുകയും അവൻ നസറായൻ എന്നു വിളിക്കപ്പെടുകയും ചെയ്തു. മിശിഹായുടെ കുരിശിന്റെ മുകളിൽ എഴുതിയിരുന്ന ഫലകത്തിൽ നസറായൻ എന്നാണ് എഴുതിയിരുന്നത് (യോഹ 19:19). മിശിഹായുടെ ഒരു നാമമായി നസറായൻ എന്ന പേരു മാറിയിരുന്നു. തിരുക്കുടുംബവും തിരുക്കുടുബത്തിന്റെ ജീവിതവും പലവിധത്തിലുള്ള പ്രതിസന്ധികളെ അഭിമുഖീകരിക്കുന്ന നമ്മുടെ കുടുംബങ്ങൾക്കുള്ള മാതൃകയാണ്. ■

# അമൂല്യസ്നേഹത്തിന്റെ അവിസ്മരണീയദിനം



എലിസബത്ത് സാമുവൽ

"കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും." തന്റെ ഉത്കൃഷ്ടസൃഷ്ടിയായ മനുഷ്യവർഗത്തിന്റെ സമ്പൂർണ രക്ഷയ്ക്കായി സ്രഷ്ടാവായ ദൈവമൊരുക്കിയ പദ്ധതികളിലൊന്നിന്റെ പൂർത്തീകരണമാണ് ക്രിസ്മസ്. സ്രഷ്ടാവായ തന്നെപ്പോലും മറന്ന്, തന്നിൽനിന്നകന്ന് ലൗകികതയിൽ മുഴുകി ജീവിക്കുന്ന മനുഷ്യവർഗത്തെ തന്റെ സ്വരൂപത്തിലേക്കും സാദൃശ്യത്തിലേക്കും തിരിച്ചുപിടിക്കുന്നതിനായുള്ള പിതാവായ



ദൈവത്തിന്റെ പദ്ധതിയുടെ പൂർത്തീകരണം. എളിമ, സ്നേഹം, സന്തോഷം, സഹവർത്തിത്വം, ചേർത്തുപിടിക്കൽ ഇങ്ങനെ നന്മയുടെ വിവിധ ഭാവങ്ങളുടെ ഏകോപനമാണ് ക്രിസ്മസ്. ദൈവപുത്രനായ യേശുക്രിസ്തുവിന്റെ ജനനാഘോഷം.

കുടുംബങ്ങളെയും വിശ്വാസങ്ങളെയും വിവിധ സംസ്കാരങ്ങളെയും ഒരുമിപ്പിക്കുന്ന ക്രിസ്മസ് ജാതിമതഭേദമെന്യേ ആഘോഷിക്കപ്പെടുന്നു. അഭൗമികമായത് ഭൗമികമായപ്പോൾ അവിടെ ലൗകികതയുടെ വേലിക്കെട്ടുകൾ ഭേദിച്ച് ഒരുമയുടെ, സ്നേഹത്തിന്റെ പരസ്പരസഹവർത്തിത്വത്തിന്റെ സുവർണലിപികളാലെഴുതപ്പെട്ട മനോഹരചിത്രമായി മാറി ക്രിസ്മസ്.

റോമൻ ചക്രവർത്തിയായിരുന്ന അഗസ്റ്റസ് സീസറിന്റെ കല്പനപ്രകാരം, ദാവീദിന്റെ കുടുംബത്തിലും വംശത്തിലും പെട്ടവനായ ജോസഫ് പേരെഴുതിക്കാനായി ഗലീലിയിലെ പട്ടണമായ നസറത്തിൽനിന്ന് യൂദയയിൽ ദാവീദിന്റെ പട്ടണമായ ബേത്‌ലഹെമിലേക്ക് ഗർഭിണിയായ ഭാര്യ മറിയത്തോടുകൂടെ പോയി. അവിടെയായിരിക്കുമ്പോൾ അവൾക്കു പ്രസവസമയമടുത്തു. അവൾ തന്റെ കടിഞ്ഞൂൽപുത്രനെ പ്രസവിച്ചു. അവനെ പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തി. കാരണം, സത്രത്തിൽ അവർക്കു സ്ഥലം ലഭിച്ചില്ല എന്ന് ലൂക്കാസുവിശേഷകൻ യേശുവിന്റെ ജനനത്തെക്കുറിച്ചു രേഖപ്പെടുത്തിയിരിക്കുന്നു.

തുടർന്ന് യേശുവിന്റെ ജനനത്തെക്കുറിച്ച് ആട്ടിടയന്മാർക്കു സന്ദേശം ലഭിച്ചതായി ലൂക്കാസുവിശേഷകനും, പൗരസ്ത്യദേശത്തുനിന്നുള്ള ജ്ഞാനികൾക്കു സന്ദേശം ലഭിച്ചതായി മത്തായിസുവിശേഷകനും രേഖപ്പെടുത്തിയിരിക്കുന്നു.

ഇതിൽനിന്നുതന്നെ പാമരനെന്നോ പണ്ഡിതനോന്നോ ദരിദ്രനെന്നോ സമ്പന്നനെന്നോ ഉള്ള യാതൊരു വ്യത്യാസങ്ങളുമില്ലാതെ സ്നേഹത്തിന്റെ സുവിശേഷം എല്ലാ മനുഷ്യർക്കും ഒരുപോലെ നൽകപ്പെടും എന്ന സന്ദേശം പ്രസരിക്കപ്പെടുന്നു. ആട്ടിടയന്മാർ തങ്ങൾക്കു ലഭിച്ച സന്ദേശമനുസരിച്ച് ഉടൻതന്നെ ബെത്‌ലഹേമിലേക്കു പുറപ്പെട്ട് പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ശിശുവിനെ, അവന്റെ അമ്മയായ മറിയത്തോടും ജോസഫിനോടുമൊപ്പം ദർശിക്കുകയും ചെയ്തു. തങ്ങളോടു പറയപ്പെട്ടതുപോലെ കാണുകയും കേൾക്കുകയും ചെയ്ത സകലകാര്യങ്ങളെയും കുറിച്ച് ദൈവത്തെ മഹത്ത്വപ്പെടുത്തുകയും സ്തുതിക്കുകയും ചെയ്തുകൊണ്ട് ആ ഇടന്മാർ തിരിച്ചുപോയി.

എന്നാൽ, ദൈവിക അരുളപ്പാടിൽനിന്നു വ്യതിചലിച്ച്, തങ്ങളുടെ അറിവിൽ അഹങ്കരിച്ചിരുന്ന ജ്ഞാനികൾ ഹേറോദേസ്‌രാജാവിന്റെ കൊട്ടാരത്തിൽ ചെന്ന് യഹൂദന്മാരുടെ രാജാവായി ജനിച്ചവൻ എവിടെയാണ് എന്ന് അന്വേഷിക്കുന്നു. അതിന്റെ പരിണതഫലമായി ബെത്‌ലഹേമിലെയും സമീപപ്രദേശങ്ങളിലെയും രണ്ടും അതിൽ താഴെയും വയസ്സുള്ള എല്ലാ ആൺകുട്ടികളെയും ഹേറോദേസ് വധിക്കുന്നു. ദൈവവചനത്തെ അതിന്റെ പൂർണമായ അർഥതലത്തിലുൾക്കൊള്ളാതെ, മനുഷ്യബുദ്ധിയാലളന്നതിന്റെ ഫലം എത്രയോ ഭയാനകം!

മനസ്സിനെ കുളിരണിയിക്കുന്ന ക്രിസ്മസ് ഭാവങ്ങൾക്കു മാറ്റുകൂട്ടുന്നതിനായി പുൽക്കൂടും നക്ഷത്രവിളക്കുകളും ക്രിസ്മസ് ട്രീയും ക്രിസ്മസ് പപ്പായുടെ സമ്മാനങ്ങളുമെല്ലാം പിന്നീട് കൂട്ടിച്ചേർക്കപ്പെട്ടു.

ദൈവപുത്രനായ യേശുക്രിസ്തുവിന്റെ മനുഷ്യാവതാരലക്ഷ്യങ്ങളായ നന്മയുടെ വിവിധ ഭാവങ്ങളെ വിളക്കിച്ചേർത്ത് ഒരുക്കിയെടുക്കുന്നതാണ് പുൽക്കൂട്. 1223 ൽ ഫ്രാൻസിസ് അസ്സീസിയുടെ, ഇറ്റലിയിലെ ഗ്രേച്ചോ പട്ടണത്തിലുള്ള ഒരു ഗുഹയിലാണ് ആലങ്കാരികഭാവത്തോടെയുള്ള ആദ്യത്തെ പുൽക്കൂട് നിർമിച്ചത്. ആദ്യ പുൽക്കൂട് കണ്ടവരെല്ലാം അത്യപൂർവമായ ഒരു ദൈവദർശനത്തിൽ ആനന്ദപരവശരായി എന്ന് എഴുതപ്പെട്ടിരിക്കുന്നു. കുട്ടികൾക്കു സമ്മാനപ്പൊതികളുമായെത്തുന്ന സാന്താക്ലോസ് അപ്പൂപ്പൻ കരുണയുടെയും, വാത്സല്യത്തിന്റെയും പ്രതീകമാണ്.

നന്മയുടെ പ്രതീകമായ വെളിച്ചം ചുറ്റും പ്രസരിപ്പിക്കുന്ന നക്ഷത്രവിളക്കുകൾ മാനവഹൃദയങ്ങളിൽ മാത്രമല്ല, ചുറ്റുമുള്ള പ്രകൃതിയിലും ആന്ദത്തിന്റെയലകൾ പടർത്തും എന്നതിൽ സംശയമില്ല. ആ ആഹ്ലാദത്തിലേക്ക് പ്രകൃതിയെക്കൂടെ കൂട്ടിച്ചേർക്കുന്നതിനായാണ് ക്രിസ്മസ് ട്രീകൾ ഒരുക്കുന്നത്.

ക്രിസ്മസ്, അതിന്റെ എല്ലാ നന്മകങ്ങളോടുംകൂടി ഉൾക്കൊള്ളാനും ആത്മീയാനുഭൂതിയുടെ ഒരു നൂതനചിന്ത നമ്മുടെയെല്ലാം ഹൃദയത്തിൽ വരച്ചു ചേർക്കുവാനും ഉതകുന്നതാവട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു.



കൊറ്റത്തിൽ ആയുർവേദ ഹോസ്പിറ്റൽ
ചപ്പാത്ത്, അയർക്കുന്നം കോട്ടയം
Phone: 0481-2545588, 9447054461
E-mail : mail@kottathilayurveda.com
Website: www.kottathilayurveda.com

● മസ്തിഷ്കരോഗങ്ങൾ
● നട്ടെല്ല് രോഗങ്ങൾ
● അസ്ഥിരോഗങ്ങൾ
● സന്ധിരോഗങ്ങൾ ● ശിശുരോഗങ്ങൾ
● സ്ത്രീരോഗങ്ങൾ
(ആനോ–റെക്റ്റൽ രോഗങ്ങൾ)
● ത്വക്‌രോഗങ്ങൾ ● വാർദ്ധക്യ രോഗങ്ങൾ
വിവിധങ്ങളായ കേരളീയ ചികിത്സാക്രമങ്ങളും പഞ്ചകർമ്മങ്ങളും (നസ്യം, വമനം, വിരേചനം, കഷായവസ്തി, രക്തമോക്ഷം) വിദഗ്ധരുടെ മേൽനോട്ടത്തിൽ ഔട്ട്പേഷ്യന്റായും (O.P.) ഇൻപേഷ്യന്റായും (I.P.) ചെയ്യുന്നു.



സി. തെരേസ് ആലഞ്ചേരി
എസ്.എ.ബി.എസ്.

# അസൂയയുടെ പൊട്ടക്കിണറുകൾ

ഇ. സന്തോഷ് കുമാറിന്റെ ‘മുട്ടയോളം വലുപ്പമുള്ള ധാന്യമണികൾ’ എന്ന ചെറുകഥയിലേതാണ് ഈ സംഭവം. വെള്ളത്തിനുവേണ്ടി പൈപ്പിൻചുവട്ടിൽ ക്യൂ നിൽക്കുന്നു ബീരാവുവിന്റെ ഉമ്മ. അവർ പറഞ്ഞു: “വഴിയിലേക്കു നടക്കുമ്പോൾ അവൻ തിരിഞ്ഞു തന്നെ നോക്കി. സങ്കടങ്ങൾ നിറഞ്ഞ ആ നോട്ടമാണ് മനസ്സിൽ നിന്നും ഇപ്പോഴും ഇറങ്ങിപ്പോകാത്തത്.” അമ്മയോടു യാത്ര പറഞ്ഞ് അപ്പനോടൊപ്പം മലമുകളിലേക്കുപോയ ഇസഹാക്കിന്റെ തിരിഞ്ഞുനോട്ടവും സാറായുടെ മനസ്സിൽ ഒരു ഞെരിപ്പോടായി കത്തിയെരിഞ്ഞിട്ടുണ്ടാകും. നെടുവീർപ്പോടെയല്ലാതെ അവൾക്ക് അത് ഓർമ്മിക്കാൻ ആകുന്നില്ല. ഒരുപക്ഷേ നുറുങ്ങിയ മനസ്സിലെ അവളുടെ പ്രാർഥനയാകാം ബലിപീഠത്തിനരികിലേക്ക് കുഞ്ഞാടിനെ എത്തിച്ചുകൊടുത്തത്.



സ്വർഗത്തിനു പരിഹരിക്കാനാകാത്ത ദുഃഖം ഭൂമിക്ക് ഉണ്ടാവുകയില്ല എന്ന സന്ദേശമല്ലേ ഇതിലൂടെ ലഭിക്കുന്നത്? സ്വന്തം ചിതയ്ക്കുള്ള വിറകുമായി നടന്നുനീങ്ങുന്ന ഇസഹാക്കിന്റെ ചിത്രം നമ്മുടെ മനസ്സിലും തെളിഞ്ഞുനിൽക്കുന്നു. നമ്മൾ പാവം മനുഷ്യർ സ്വന്തം ചിതയ്ക്കുള്ള വിറകുമായി നടന്നുനീങ്ങുന്നവരാണെന്ന സത്യം തിരിച്ചറിയാനാകാത്ത സഞ്ചാരികൾ. ഹേറോദേസ് കുഞ്ഞിനെ കൊല്ലാൻ ആഗ്രഹിക്കുന്നു. അതിനാൽ എത്രയും വേഗം കുഞ്ഞിനെയും കൊണ്ട് ഈജിപ്തിലേക്ക് ഓടി രക്ഷപ്പെടുക എന്ന ദൂതന്റെ വാക്കുകൾകേട്ട് മാതാവും യൗസേപ്പിതാവും കൂടി ഉണ്ണീശോയെയും എടുത്തുകൊണ്ടു നടത്തുന്ന യാത്രയും ഇവിടെ അനുസ്മരിക്കാം. ഒന്നും സ്വന്തമാക്കാനോ വെട്ടിപ്പിടിക്കാനോ രാജാവാകാനോ അധികാരം സ്ഥാപിക്കാനോ ഒന്നിനുമല്ല താൻ വന്നിരിക്കുന്നത്. എന്നിട്ടും തന്നെ ഇല്ലാതാക്കാനാണ് ഹേറോദേസും അനുയായികളും ശ്രമിക്കുന്നത്. ഈശോയുടെ കണ്ണുകളിൽ ഇങ്ങനെയൊരു സങ്കടം കാണുന്നില്ലേ?

‘മരിച്ചിട്ടും എന്തിനാണ് അവർ എന്റെ മകനെ മഴയെത്തു തന്നെ നിർത്തിയിരിക്കുന്നത്?’ ഈച്ചരവാര്യർ എന്ന അപ്പന്റെ കരച്ചിൽ ഒരു വിലാപഗാനം പോലെ ഒഴുകിയിറങ്ങുന്നുണ്ട്. കാലികസമൂഹത്തിൽ പല മനസ്സുകളും ഇത്തരം നൊമ്പരക്കോടതിയിലാണ്. നിഷിദ്ധമാക്കപ്പെട്ട പല ജന്മങ്ങളെയും തെരുവിലേക്കു വലിച്ചിഴച്ച് വീണ്ടും വിധിയും വിചാരണകളുമായി കൂ ക്കുവിളിക്കുന്ന കുറുനരികൾ പെരുകി വരുന്നു എന്നത് ഭീതിപ്പെടുത്തുന്ന കാലികസത്യം. ‘കുഞ്ഞാടിന്റെ രക്തം ചെന്നായയുടെ ജീവിത’മെന്ന പഴഞ്ചൊല്ല് യാഥാർത്ഥ്യത്തിന്റെ കുപ്പായമിട്ട് വർത്തമാനകാലത്തിൽ വിലസുകയാണ്.

ഉയരുക വളരുക എന്നൊക്കെ പറയുമ്പോൾ അപരനെ ഇടിച്ചുതാഴ്ത്തുക എന്നാണോ അർഥമാക്കുന്നതെന്ന് സമകാല അനുഭവങ്ങൾ കാണുമ്പോൾ തോന്നിപ്പോകും. ഉയരത്തിൽ പറക്കുന്ന ‘കടൽക്കിളി’യെ കണ്ട ദേശാടനക്കിളികൾ അതിശയിച്ചു. ഉയരത്തിൽ പറക്കാനുള്ള മോഹം അവരെയും കീഴടക്കി. പക്ഷേ, എങ്ങും എത്തിയില്ല. പരാജിതരായി തിരിച്ചെത്തിയ പക്ഷിക്കൂട്ടം കരയിൽ യോഗം കൂടി, അഭിപ്രായങ്ങൾ പങ്കുവച്ചു. അവസാനം തീരുമാനിച്ചു. ‘അവനെ വകവരുത്തുക.’ എങ്കിൽപിന്നെ നമുക്കു മുകളിൽ ആരും ഉണ്ടാവില്ലല്ലോ. ഏതായാലും അതുവേണ്ട. ഒരു ചിറകൊടിച്ചു വിട്ടാൽ മതിയാകും. നമ്മൾ പറക്കുന്നതു കണ്ട് അവൻ അടങ്ങിയിരുന്നുകൊള്ളട്ടെ എന്നായിരുന്നു കുറച്ചുപേരുടെ ചിന്ത. എന്നാൽ, ‘കടൽക്കിളി’ക്കു ദൈവം നൽകിയ സാധ്യതകൾക്കു മുന്നിൽ നോക്കിനിന്ന് നെടുവീർപ്പിടാനല്ലാതെ അവർക്കാർക്കും കടൽക്കിളിയെ തോൽപ്പിക്കാൻ കഴിഞ്ഞില്ല. അനന്തമായ സാധ്യതകളുമായി പിറന്നുവീഴുന്ന ജന്മങ്ങളെ വ്യക്തിതാൽപര്യങ്ങൾ വിഴുങ്ങുമ്പോൾ ചരിത്രം പോലും വിഭജിക്കപ്പെടുന്നു. ഉത്പത്തിപ്പുസ്തകത്തിൽ നാം കാണുന്ന ജോസഫിനെ സ്വന്തം സഹോദരങ്ങൾ കൊല്ലാൻ തീരുമാനിക്കുന്നു. എന്നാൽ, തെല്ലു വെളിച്ചം കിട്ടിയ റൂബൻ പറയുന്നുണ്ട്: കൊല്ലണ്ട, പിതാവ് വേദനിക്കും. നമുക്ക് അവനെ പൊട്ടക്കിണറ്റിൽ ഇട്ടാൽ മതി.

ഒരു രാജ്യത്തെ മുഴുവൻ ക്ഷാമത്തിൽനിന്നു രക്ഷിക്കാൻ ദൈവം മുദ്ര കുത്തി വിട്ട ജോസഫ് അവസാനം ഈജിപ്തിന്റെ തന്നെ അധിപനായിത്തീരുന്നു.

ക്രിസ്തുവിന്റെ ജനനത്തിൽ അസ്വസ്ഥനായ ഹേറോദേസാണ് മറ്റൊരാൾ. നാനാദിക്കിലേക്കും ആളുകളെ അയയ്ക്കുന്നു. കുഞ്ഞുങ്ങളെ വധിക്കുന്നു. ആകെ അസ്വസ്ഥനാകുന്നു. ചുറ്റുപാടുകളിലേക്കും ആ അസ്വസ്ഥത വളരെ വേഗം പടരുന്നു. ഇന്നും, പലരും അസ്വസ്ഥരാണ്. തങ്ങളുടെ അധികാരത്തിനും സ്ഥാനമാനങ്ങൾക്കും മറ്റുള്ളവർ വിലങ്ങുതടിയാകുമോ എന്ന ഭയം. ദുർബലന്റെ മനസ്സിലെ വിലകെട്ട വിചാരങ്ങളാണിത് എന്ന് എന്നാണിനി ഇക്കൂട്ടർ മനസ്സിലാക്കുന്നത്?

■

# സമാധാനത്തിന്റെ രാജനക്ഷത്രം



ഡി. ശ്രീദേവി

പ്രകൃതിയെ മഞ്ഞുപൊതിയുന്ന ഡിസംബർമാസരാവുകളിൽ ഒരു നക്ഷത്രം ദീപ്തശോഭയോടെ തെളിഞ്ഞുവരുന്നതു കാണുമ്പോൾ ലോകമാകെ സമാധാനത്തിന്റെ, ശാന്തിയുടെ, സന്തോഷത്തിന്റെ താരോദയം സംഭവിക്കുകയാണ്. ക്രിസ്മസ്മരങ്ങൾ മഞ്ഞിൽ തിളങ്ങുന്നു. പുൽക്കുടിലുകൾ തിരുപ്പിറവിക്കായി കാത്തിരിക്കുന്നു. ഇടയഗാനങ്ങൾക്കൊപ്പം മാലാഖമാരുടെ സ്തുതിഗീതങ്ങൾ ആരംഭിക്കുകയായി. വഴികാട്ടിയായ ആ പുണ്യനക്ഷത്രം എവിടേക്കാണ് ആ രാജാക്കന്മാരെ കൂട്ടിക്കൊണ്ടുപോയത്? അത്യപൂർവമായ ബത്‌ലഹേമിലെ പുൽക്കുടിലിൽ കണ്ട ആശ്ചര്യദായകമായ ആ ദർശനത്തിൽ അവർ ഉൾപ്പുളകമണിഞ്ഞു. അവർ വാഴ്ത്തിപ്പാടി. ഭൂമിയിൽ ദൈവപുത്രൻ പിറന്നിരിക്കുന്നു.

2025 വർഷങ്ങൾക്കുമുമ്പു സംഭവിച്ച ഒരു ദിവ്യജനനം. മാനവരാശിയെ എത്രകണ്ട് ആഹ്ലാദിപ്പിച്ചുവെന്നതിന് സാക്ഷ്യമാണ് ഇന്നു നമ്മുടെ ചുറ്റുപാടും നിറയുന്ന വർണ്ണനക്ഷത്രങ്ങൾ.

ക്രിസ്മസ് മനോഹരവും ഭക്തിസാന്ദ്രവുമായ ഓർമയും ആഘോഷവുമാണ്. കാലം മുന്നോട്ടുപോകുന്തോറും പുതുതലമുറ ഒരുപക്ഷേ, ക്രിസ്മസ് ഒരു ആഘോഷാരവമായി മാത്രം കണ്ടുവെന്നു വരാം. കരോൾഗാനങ്ങളും ക്രിസ്മസ് പപ്പയുമൊക്കെയായി അവർ രാത്രികാലങ്ങളിൽ ആടിപ്പാടി ഉത്സാഹഭരിതരാകുമ്പോൾ ചോർന്നുപോകുന്ന ചില സത്യങ്ങളുണ്ട്. ആർഭാടങ്ങളും ആവേശവും അതിരുവിടുമ്പോൾ ചുറ്റുപാടും ആരൊക്കെ എങ്ങനെയൊക്കെ കഴിയുന്നു എന്നവർ ഒരുപക്ഷേ ഓർക്കാറില്ല. ബത്‌ലഹേമിലെ പുൽക്കുടിലിലാണ് ദൈവപുത്രൻ പിറന്നത്, അതിസാധാരണക്കാരനായി. എന്നാൽ, അസാധാരണമായ ഒരു പിറവി. ആകാശവും ഭൂമിയും അതിനു കാതോർത്തുനിന്നു. ആ മഞ്ഞുപെയ്യുന്ന രാത്രികൾ അനുഭൂതിസാന്ദ്രമായ ശാന്തിയുടെ തണുപ്പ് മനുഷ്യമനസ്സിനു പകർന്നു. ഇന്നും ക്രിസ്മസ് നമ്മെ അതു തന്നെ ഓർപ്പിക്കുന്നു. കാലങ്ങൾക്കപ്പുറത്തു നടന്ന ഒരു യുഗസംക്രമണത്തെ അതേ തീവ്രതയോടെ അവിസ്മരണീയമാക്കാനാണ് ക്രിസ്മസെന്നു തിരിച്ചറിയണം. ശത്രുമിത്രഭേദമില്ലാതെ എല്ലാ മനുഷ്യരെയും ഒന്നായി കാണുന്ന, കരുണ പെയ്തിറങ്ങുന്ന കണ്ണുകളുമായി ആ ദിവ്യനാഥൻ അരുളിയത് നിങ്ങൾ പരസ്പരം സ്നേഹിക്കുവിൻ എന്നാണ്, അന്യോന്യം ക്ഷമിക്കുവിൻ എന്നാണ്. അഞ്ചപ്പംകൊണ്ട് അയ്യായിരങ്ങൾക്ക് എന്ന സന്ദേശം മനുഷ്യമനസ്സിലെത്തിച്ചത് പങ്കുവച്ചു കഴിക്കുക എന്ന ഉദാരമായ നന്മയെ ഉണർത്താനാണ്. കള്ളന്മാരും ചുങ്കക്കാരുമില്ലാത്ത, മർദനവും പീഡനവുമില്ലാത്ത ഒരു നല്ലകാലം പുലരണമെന്ന് ആ ദിവ്യശിശു വളരുന്തോറും ലോകത്തെ ഓർമിപ്പിച്ചുകൊണ്ടിരുന്നു. അതിനു കൊടുത്ത വില അത്യന്തം അസഹ്യമായ പീഡാനുഭവമായിരുന്നെങ്കിൽക്കൂടി, അതു സഹിച്ചുകൊണ്ട് ദിവ്യസ്നേഹം പകർന്ന കരുണാമയനായ കർത്താവിനെ ഓർക്കുമ്പോൾ ഏതു മനസ്സിലാണ് ഭക്തിയുടെ മുറിവുണ്ടാകാതിരിക്കുന്നത്?

ഓരോ ക്രിസ്മസിനെയും വരവേല്ക്കുമ്പോഴും അതിനായി ഒരുങ്ങുമ്പോഴും ക്രിസ്തു പകർന്നുതന്ന ആശയങ്ങളും സന്ദേശങ്ങളും ഒന്നുകൂടി മനുഷ്യമനസ്സിൽ ഊട്ടിയുറപ്പിക്കുകയാണു വേണ്ടത്. നല്ല അയൽക്കാരനും നല്ല സമരിയാക്കാരനുമാകാനുള്ള തയ്യാറെടുപ്പായിക്കൂടി നമുക്ക് ക്രിസ്തുവിന്റെ ജനനത്തെ തിരിച്ചറിയാൻ കഴിയണം. പ്രതികൂലകാലാവസ്ഥയിലും സന്തോഷവും സ്നേഹവും ഐക്യവും കാത്തുസൂക്ഷിക്കാനും കൈമാറാനും ഈ ക്രിസ്മസ് നമുക്കു സഹായകമാകട്ടെ.

■

ക്രിസ്മസ് - പുതുവത്സരാശംസകൾ

Fathima
EYE CARE GROUP

ഫാത്തിമ ഐ ഹോസ്പിറ്റൽ

പുതിയിടം ബിൽഡിംഗ്, രാമപുരം റോഡ്, പാലാ PH: 7025927280

ബ്രാഞ്ചുകൾ : തൊടുപുഴ, ആലുവ, പെരുമ്പാവൂർ, തോപ്പുംപടി, തൃശൂർ

ഗ്ലോക്കോമ, ഡയബറ്റിക് റെറ്റിനോപ്പതി, കോങ്കണ്ണ് ചികിത്സകൾക്ക് അത്യാധുനിക സ്പെഷ്യാലിറ്റി വിഭാഗം

കുത്തിവയ്പ്പില്ലാതെ തിമിരത്തെ വെറും 10 മിനിറ്റുകൊണ്ട് സുഖപ്പെടുത്തുന്നു



രോഗികൾ പതിവായി കഴിക്കുന്ന ഒരു മരുന്നും നിർത്തേണ്ടതില്ല

തിമിരശസ്ത്രക്രിയയ്ക്ക് ആരോഗ്യഇൻഷുറൻസ് പദ്ധതി
KASP & MEDISEP പ്രകാരമുള്ള എല്ലാ ആനുകൂല്യങ്ങളും ലഭ്യമാണ്

പ്രവർത്തനസമയം : 9.00 am to 6.00 pm

N.B. എല്ലാ മാസത്തിലെയും ആദ്യഞായറാഴ്ച സൗജന്യനേത്രപരിശോധനയും തിമിരശസ്ത്രക്രിയയും ഉണ്ടായിരിക്കുന്നതാണ്.
അന്വേഷണങ്ങൾക്ക് PH : 8086444678, 9645441406

# കാലം കാതോർത്തിരുന്ന തിരുവവതാരം



മേരി സെബാസ്റ്റ്യൻ തേനാശ്ശേരി

അഗസ്റ്റസ് സീസറിന്റെ കല്പനയനുസരിച്ച് ജോസഫ് ഗർഭിണിയായ മറിയത്തെയുംകൂട്ടി നസ്രത്തിൽനിന്നു ബത്‌ലഹേമിലേക്കു പേരെഴുതിക്കാൻ യാത്ര തിരിച്ചു. ക്ലേശംനിറഞ്ഞ യാത്രയിലൂടെ അവിടെയെത്തിയ മറിയത്തിന് പ്രസവസമയമടുത്തുവെന്നു മനസ്സിലായ ജോസഫ് ഒരു കൊച്ചുകൂരയ്ക്കായി പരതിനടന്നു. സത്രംപോലും കൊട്ടിയടച്ചു. നിസ്സഹായരായ അവർ പരസ്പരം ആശ്വസിപ്പിച്ചുകൊണ്ടു മുന്നോട്ടുനീങ്ങി. ജോസഫിന്റെ കണ്ണുകൾ മലയടിവാരത്തുള്ള ഒരു കാലിത്തൊഴുത്തിൽ ഉടക്കി. ധൃതിയിൽ മറിയത്തെയുംകൂട്ടി അവൻ അതിനുള്ളിൽ പ്രവേശിച്ചു. എങ്ങും നിശയുടെ നിശ്ശബ്ദത. സമയം പാതിരാവോടടുക്കുന്നു. മഞ്ഞണിഞ്ഞ ബത്‌ലഹേം സുഖസുഷുപ്തിയിലാണ്ടുപോയി. ആരോരുമറിയാതെ ഒരു കുന്നിൻചെരുവിലെ കാലിത്തൊഴുത്തിൽ ഒരു തിരുപ്പിറവി നടന്നിരിക്കുന്നു! കുഞ്ഞിളംപൈതലിന്റെ രോദനമുയർന്നു. മറിയവും ജോസഫും കണ്ണുകൾപൂട്ടി കരങ്ങൾ കൂപ്പി സർവശക്തനായ ദൈവത്തിനു നന്ദിചൊല്ലി!

പിള്ളക്കച്ചയിൽ പൊതിഞ്ഞ് പുൽത്തൊട്ടിയിൽ ശയിക്കുന്ന ദിവ്യശിശുവിനെ മറിയവും ജോസഫും കൺകുളിർക്കെ നോക്കിനിന്നു! മറിയത്തിന്റെയും ജോസഫിന്റെയും മുഖത്ത് സംതൃപ്തിയുടെയും സായുജ്യത്തിന്റെയും തിരയിളക്കം. മറിയം മന്ത്രിച്ചു: "സത്രത്തിൽ ഇടംകിട്ടിയില്ലെങ്കിലെന്ത്? മുട്ടിയ വാതിലുകൾ തുറന്നില്ലെങ്കിലെന്ത്? ഈ കാലിത്തൊഴുത്തിൽ ഇത്തിരി ഇടം നൽകാൻ ദൈവം തിരുമനസ്സായല്ലോ!" അവർ നന്ദിയോടെ ദൈവത്തിനു സ്തുതികളുയർത്തി. ഇതിനോടകം മാലാഖമാർ മലഞ്ചെരിവിലൂടെ പാറിപ്പറന്ന് ഈണത്തിൽ പാടി: "അത്യുന്നതങ്ങളിൽ ദൈവത്തിനു സ്തുതി. ഭൂമിയിൽ സന്മനസ്സുള്ളവർക്കു സമാധാനം" വയലുകളിൽ ഉറക്കമിളച്ച് ആടുകൾക്കു കാവലിരുന്ന ആട്ടിടയന്മാർ ഭയവിഹ്വലരായി കാതോർത്തു.

ദൈവദൂതൻ അവരുടെ അടുത്തെത്തി ഇപ്രകാരം പറഞ്ഞു: "ഭയപ്പെടേണ്ട, ഇതാ സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം. പിള്ളക്കച്ചകൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും." നിരക്ഷരരും നിസ്വരും നിസ്സാരരുമായ ആട്ടിടയർക്ക് മറ്റൊന്നും ചിന്തിക്കാനുണ്ടായിരുന്നില്ല. അവർ അതിവേഗം ശിശുവിനെ കാണാൻ ബത്‌ലഹേമിലേക്കു പുറപ്പെട്ടു. അവിടെ തങ്ങൾ കണ്ടതും കേട്ടതുമായ കാര്യങ്ങൾ മറ്റുള്ളവരോടു പങ്കുവച്ചു. ഇടയക്കുടിലുകളിൽനിന്നു സ്ത്രീകളും കുട്ടികളും ദിവ്യശിശുവിനെ കാണാൻ ഓടിക്കൂടിയിട്ടുണ്ടാവാം. എണ്ണ നിറച്ച റാന്തൽവിളക്കുകളും അന്നവസ്ത്രാദികളും സമ്മാനിച്ചുവെന്നും അനുമാനിക്കാം. മറിയത്തിനു വേണ്ട പ്രസവശുശ്രൂഷകളും ആ പാവപ്പെട്ട ഇടയസ്ത്രീകൾ നൽകാതിരിക്കില്ല.



ഏറെ പ്രത്യേകതയുള്ള ഇടമാണ് കാലിത്തൊഴുത്ത്. ദാരിദ്ര്യത്തിന്റെയും ലാളിത്യത്തിന്റെയും ഇടമായ കാലിത്തൊഴുത്തിന് മതിലുകളോ വാതിലുകളോ താഴോ താക്കോലോ ഒന്നുമില്ല. ഏവർക്കും എപ്പോൾവേണമെങ്കിലും അനുവാദമില്ലാതെ കയറുകയും ഇറങ്ങുകയും ചെയ്യാം. സകല ജനത്തിനുംവേണ്ടിയുള്ള രക്ഷകനു പിറക്കാൻ ഇതിനേക്കാൾ അനുയോജ്യമായ മറ്റൊരിടം എവിടെയുണ്ട്? ലോകത്തിന്റെ കണക്കുകൂട്ടലുകളനുസരിച്ച് രാജവംശജനായ മിശിഹാ പിറക്കേണ്ടത് രാജകൊട്ടാരത്തിലാണ്. സുഖത്തിന്റെ ശീതളിമയും പട്ടിന്റെ മൃദുത്വവും അത്തറിന്റെ സുഗന്ധവും വിരുന്നുമേശയിലെ വിശിഷ്ടവിഭവങ്ങളും വീഞ്ഞും ചഷകവുമെല്ലാം കൊട്ടാരങ്ങളുടെ ഉള്ളിലെ നേർക്കാഴ്ചകളാണ്. ആനയും അമ്പാരിയും തേരും തേരാളിയും അംഗരക്ഷകരും സ്തുതിപാഠകരും... ഇങ്ങനെപോകുന്നു രാജകൊട്ടാരവർണനകൾ. രാജവംശജനായ മിശിഹാ പിറക്കേണ്ടത് ഇതുപോലൊരു കൊട്ടാരത്തിലെ അന്തഃപുരത്തിൽ ആകേണ്ടതാണ്. എന്നാൽ, സ്വർഗം മുൻനിശ്ചയം ചെയ്തിരുന്നത് ആർഭാടങ്ങളോ ആഡംബരങ്ങളോ ആരവങ്ങളോ ഒന്നുമില്ലാത്ത കാലിത്തൊഴുത്തിന്റെ തനിമയും സുതാര്യതയും ശാന്തതയും സൗന്ദര്യവും ലാളിത്യവുമെല്ലാമായിരുന്നു. നിശ്ശബ്ദതയിലാണ് ദൈവത്തിന്റെ ചൈതന്യം പ്രസരിക്കുന്നത്, ആനന്ദത്തിന്റെ അലയടികൾ വീശുന്നത്.

നിതാന്തജാഗ്രതയോടെ വാനനിരീക്ഷണം നടത്തിക്കൊണ്ടിരുന്ന ജ്ഞാനികൾ കണ്ടെത്തി, യഹൂദർക്കിടയിൽ ഒരു രാജാവു പിറന്നിരിക്കുന്നുവെന്ന്. അവർ ഹേറോദേസിന്റെ കൊട്ടാരത്തിലെത്തിച്ചേർന്നു. ജ്ഞാനികൾ അന്വേഷിച്ചു: "എവിടെയാണ് യഹൂദരുടെ രാജാവാകേണ്ടവൻ ജന്മമെടുത്തിരിക്കുന്നത്? ഞങ്ങൾക്ക് അവനെ കണ്ട് കുമ്പിട്ട് ആരാധിക്കണം." ഹേറോദേസ് നിയമജ്ഞരെ വിളിച്ചുവരുത്തി ക്രിസ്തുവിന്റെ ജനനം എവിടെ എന്നന്വേഷിച്ചു. യൂദയായിലെ ബത്‌ലഹേമിൽ എന്ന് അവർ ഹേറോദേസിനെ അറിയിച്ചു. നീചനും നികൃഷ്ടനുമായ ഹേറോദേസ് ജ്ഞാനികളെ തന്ത്രപൂർവം ബത്‌ലഹേമിലേക്കയച്ചു. തിരിച്ചുവരുമ്പോൾ എല്ലാ വിവരങ്ങളും തന്നെ അറിയിക്കണമെന്ന നിർദേശവും നല്കി. ജ്ഞാനികൾക്കു മുന്നേ ഒരു നക്ഷത്രം വഴികാട്ടിയായി അവരെ ലക്ഷ്യസ്ഥാനത്തെത്തിച്ചു. മാത്രമല്ല, ദൈവത്തിന്റെ സൃഷ്ടിയായ നക്ഷത്രം കാലിത്തൊഴുത്തിനുമുകളിൽ ദിവ്യശിശുവിനെ മഹത്ത്വപ്പെടുത്തി നിശ്ചലമായി മിഴിതാഴ്ത്തി നിന്നു. ജ്ഞാനികൾ ആശ്ചര്യത്തോടും ആനന്ദത്തോടുംകൂടി ശിശുവിനെ അമ്മയായ മറിയത്തോടൊപ്പം കാണുകയും കുമ്പിട്ട് ആരാധിക്കുകയും ചെയ്തു. നിക്ഷേപപാത്രങ്ങൾ തുറന്ന് പൊന്നും മീറയും കുന്തിരിക്കവും കാഴ്ചയർപ്പിച്ചു. സ്വപ്നത്തിൽ കിട്ടിയ ദർശനമനുസരിച്ച് അവർ വഴിമാറി സ്വദേശത്തേക്കു തിരിച്ചുപോയി.

ആദിമാതാപിതാക്കളുടെ പാപംമൂലം തകർന്നടിഞ്ഞ ദൈവ-മനുഷ്യബന്ധം പുനഃസ്ഥാപിക്കാൻ കരുണാമയനായ ദൈവം ഒരു രക്ഷകനെ പറുദീസയിയിൽവച്ച് വാഗ്ദാനം ചെയ്തു (ഉത്പ. 3:15). ആ വാഗ്ദാനത്തിന്റെ പൂർത്തീകരണമാണ് രണ്ടായിരം വർഷങ്ങൾക്കു മുമ്പ് ബത്‌ലേഹേമിലെ മലഞ്ചെരുവിലെ കാലിത്തൊഴുത്തിൽ അരങ്ങേറിയ തിരുപ്പിറവി. അങ്ങനെ വചനം മാംസമായി നമ്മുടെയിടയിൽ വസിച്ചു. അവൻ ഇന്നലെയും ഇന്നും നാളെയും എന്നും ജീവിക്കുന്ന ദൈവമാണ്. അതിനാൽ ക്രിസ്മസ് ഒരു ഗതകാലസംഭവമല്ല. സകല ജനത്തിനുംവേണ്ടിയുള്ള മംഗളവാർത്തയാണ്, ഒരു തനിയാവർത്തനമാണ്, പുനരാവർത്തനമാണ്, സമാനതകളില്ലാത്ത ഏകദർശനഭാഗ്യമാണ്. രക്ഷകനെ കണ്ടെത്താനുള്ള കൃപ ലഭിക്കുന്നവർക്കെല്ലാം ക്രിസ്മസ് എന്ന വിശ്വമഹോത്സവം അർഥപൂർണവും ആനന്ദനിർഭരവും സമാധാനപൂർണവുമായിരിക്കും.

ദാരിദ്ര്യത്തിന് സമൃദ്ധിയും താഴ്ചയ്ക്ക് ഉയർച്ചയും ചെറുതിന് വലുപ്പവും ഇരുളിനു വെളിച്ചവും അജ്ഞതയ്ക്ക് ജ്ഞാനവും തളർച്ചയ്ക്കു വളർച്ചയും ജീവനു മരണവും, മരണത്തിന് ഉയിർപ്പും നൽകുന്നതാണ് ക്രിസ്മസിന്റെ അന്തസ്സത്ത. മിശിഹായുടെ മനുഷ്യാവതാരമഹാജൂബിലി ക്രൈസ്തവലോകത്തിനു മാത്രമല്ല, മാനവരാശിക്കു മുഴുവനും പുതിയൊരാകാശവും പുതിയൊരു ഭൂമിയും പ്രദാനം ചെയ്യട്ടെ.

■

ക്രിസ്തുമസ് – പുതുവത്സരാശംസകൾ

FREE ESTIMATION & INSTALLATION

FEATURES
- Blinds & Curtains
- Photo Framing
- Lamination
- Full cover settee
- Divan Coat
- Roman Blinds



JOHNSON BLINDS & CURTAINS

JOHNSON FURNISHING

ALANOLICKAL BUILDINGS
RAMAPURAM

CALL NOW
9447803477

Proprietor : Soby Alanolickal




**ഡോ**സി കഥ വിശദമായി പറയാൻ തുടങ്ങി.

പൊന്നിവനത്തിലെ ഒരു വൈകുന്നേരമായിരുന്നു ഡോസിയും അമ്മയും തമ്മിൽ സംസാരിച്ചത്:

''ഞാൻ പറഞ്ഞതാണോ മണ്ടത്തരം. അമ്മയും അച്ഛനും ചെയ്യുന്നത് മണ്ടത്തരമല്ലേ. നമുക്കു ബുദ്ധിയില്ലെന്ന് കാടു മുഴുവൻ ഒരേ സ്വരത്തിൽ പറയുന്നു. എന്നിട്ടും അതൊന്നും കേട്ടഭാവം പോലും ഇല്ലാതെ വല്ല മൃഗങ്ങളുടെയും സാധനങ്ങൾ പുറത്തു വെച്ചുകേറ്റി കാട് മുഴുവൻ നടക്കുന്നു... ഇതു തന്നെയല്ലേ അമ്മ ഗ്രാമത്തിലും ചെയ്തത്.''

“മോനേ നീ ദേഷ്യപ്പെടാതെ... എനിക്കറിയാം, നമ്മളെപ്പറ്റി വളരെ മോശം കാര്യങ്ങളാണ് കാട്ടിൽ എല്ലാവരും പറയുന്നത്. ശരിയാണ്... അവഗണന നമ്മൾ അനുഭവിക്കുന്നുണ്ട്. പക്ഷേ അതിനുള്ള പരിഹാരമാണോ രാജാവാകുന്നത്?”


“അല്ലേ. രാജാവായാൽ എല്ലാവരും പറയുന്നതു മാറ്റി പ്പറയും. പിന്നെ ഈ കാട്ടിലെ രാജാവിന്റെ ഭരണം ആർക്കും ഇഷ്ടവുമല്ലല്ലോ.. ഞാൻ രാജാവായാൽ എങ്ങനെ കാടു ഭരിക്കണമെന്നു കാണിച്ചുകൊടുക്കും.” ഡോസിയുടെ വാക്കുകൾ കേട്ടപ്പോൾ അമ്മയ്ക്ക് ഒന്നും പറയാൻ പറ്റിയില്ല. ഒടുക്കം അമ്മ ഇത്രയും പറഞ്ഞിട്ട് അവിടെ നിന്നും പോയി:

“മോനേ... രാജാവാകാനൊന്നും നമുക്കുപറ്റില്ല. വെറുതെ സമയം കളയുന്നത് എന്തിനാണ്?”

“അപ്പോൾ ചുമട് എടുക്കുന്നത്, സമയം ഉപയോഗിക്കുകയാണോ... ശ്രമിച്ചാൽ മാത്രമേ പറ്റുമോ ഇല്ലയോ എന്നറിയാൻ കഴിയൂ.'' അമ്മ പോയപ്പോൾ ഡോസി വിളിച്ചുപറഞ്ഞു. അത്രയും പറഞ്ഞിട്ട് ഡോസി എപ്പോഴും ചെന്നിരിക്കാറുള്ള മുളയുടെ അടുത്തേക്കു ചെന്നു.

''എന്റെ ആഗ്രഹം തെറ്റാണോ?” ഡോസിയുടെ മനസ്സിൽ തോന്നി.

“അമ്മപോലും കൂടെ നിൽക്കുന്നില്ല” മുളയുടെ അടുത്തു




നിന്നും പൊന്നിവനത്തിലെ ആകെയുള്ള കൂട്ടുകാരൻ ക്ലീറയാമയുടെ അടുത്തേക്ക് അവൻ നടന്നു. ക്ലീറയാമ ഒരു കുളത്തിന്റെ കരയിൽ വിശ്രമിക്കുകയായിരുന്നു. ഡോസിയെ കണ്ടതും ക്ലീറ അവനെ അടുത്തേക്കു വിളിച്ചു.

“വായോ ചങ്ങാതീ... നിന്നെ ഇന്ന് ഇങ്ങോട്ടു കണ്ടില്ലല്ലോ..?”

ഡോസി വളരെ വിഷമത്തിലാണ്. അതു മനസ്സിലാക്കിയ ക്ലീറ ചോദിച്ചു:

''എന്താ ഡോസീ, ഒരു വിഷമം...?”

“ക്ലീറ... എനിക്കൊരു ആഗ്രഹമുണ്ട്.”

“കേൾക്കട്ടെ.. നമുക്ക് നടത്തിയെടുക്കാം. നിനക്ക് വെള്ളരിക്ക തിന്നണോ... അതോ നീന്തൽ പഠിക്കണോ...അല്ല നീന്താൻ എന്നേക്കാൾ നന്നായി അറിയാമല്ലോ... നിനക്കു പറക്കാൻ പഠിക്കണോ.. എന്താണേലും പറഞ്ഞോ. നമുക്കു നടത്തിയെടുക്കാം.”

“അതൊന്നുമല്ല.”

“പിന്നെ... വേറെ എന്താണ്?”

''അത്. എനിക്ക് പൊന്നിവനത്തിലെ രാജാവാകണം.'

''രാജാവോ.. അതും പൊന്നിവനത്തിലെ?”

“അതെ.”

“അത് എളുപ്പമല്ലേ... നേരേ രാജാവിന്റെ അടുത്തേക്കു പോകുക. കാര്യം പറയുക. രാജാവാകുക.”

“നീ കളിയാക്കിയതാണോ?”

“പിന്നെ ഞാൻ എന്താണു പറയേണ്ടത്. വല്ല ചക്കയോ മാങ്ങയോ വേണമെന്നു പറയും പോലെ രാജാവാകണമെന്നു പറഞ്ഞാൽ ചിരി വരില്ലേ?” ക്ലീറ ചിരിക്കാൻ തുടങ്ങി. പക്ഷേ, ഡോസിക്ക് അതു വളരെ വിഷമമുണ്ടാക്കി. ക്ലീറ തനിക്കൊപ്പം നിൽക്കുമെന്നാണ് ഡോസി കരുതിയത്. അവൻ അവിടെനിന്നും വീണ്ടും മുളയുടെ അടുത്തേക്കു നടന്നു. അതും നോക്കി ക്ലീറ നിന്നു. പക്ഷേ അന്നു രാത്രി...

“അന്നു രാത്രി എന്തു സംഭവിച്ചു?” കഥ പറയുന്നതിന്റെ ഇടയിൽ കയറി കീര ചോദിച്ചു. കീരയുടെ മുഖത്ത് കഥ കേൾക്കാനുള്ള ആകാംക്ഷ നിറഞ്ഞു നിന്നിരുന്നു. ഡോസി പറഞ്ഞു തുടങ്ങി:

“അന്നു രാത്രി ഞാൻ ഉറങ്ങിയില്ല. ഞാൻ ഗുഹയിൽ എത്തിയപ്പോൾ അവിടെ അച്ഛനും അമ്മയും ഉണ്ടായിരുന്നില്ല. രണ്ടുപേരും സിംഹരാജന്റെ കൊട്ടാരത്തിലെ ജോലിക്കാരാണ്. അവർ തിരികെവരുന്നതുവരെ ഞാനെന്റെ ഗുഹയിൽ ഉറങ്ങാതെയിരുന്നു. ഏറെനേരം കഴിഞ്ഞപ്പോൾ അമ്മയും അച്ഛനും തിരികെ വന്നു. നന്നായി തളർന്നാണ് അവരു വന്നത്.. എന്നും അങ്ങനെ തന്നെ. അതുകൊണ്ട് അവർ കുളത്തിൽ പോയി കുളിച്ചു വരുന്ന സമയം വരെ ഞാൻ കാത്തിരുന്നു. അവർ കുളി കഴിഞ്ഞു വന്നപ്പോൾ ഞാൻ അച്ഛനോടു പറഞ്ഞു. അച്ഛാ എനിക്കു രാജാവാകണം.”

“എന്നിട്ട്.. എന്നിട്ട്.” കീര കൂടുതൽ ആവേശത്തിൽ ചോദിച്ചു. ഡോസി കഥ കൂടുതൽ വിശദമാക്കി.

നല്ല നിലാവുള്ള രാത്രിയായിരുന്നു അത്. അതുകൊണ്ടുതന്നെ ഡോസി, രാജാവ് ആകണമെന്നു പറഞ്ഞപ്പോൾ അച്ഛന്റെ മുഖത്തെ ഭാവം ഡോസിക്കു കാണാൻ കഴിഞ്ഞു. അച്ഛൻ പറഞ്ഞു.

“മോനേ, നമ്മൾ ആഗ്രഹിച്ചാൽ എന്തു വേണമെങ്കിലും നേടാൻ പറ്റും. പക്ഷേ, അതിനുള്ള പരിശ്രമംകൂടി വേണം. നിന്റെ ആഗ്രഹം ഈ കാട്ടിലെ രാജാവാകാനാണെങ്കിൽ എനിക്കു സന്തോഷം മാത്രമേയുള്ളൂ. പക്ഷേ, നീ അതിനുള്ള ശ്രമങ്ങൾ നടത്തണം.”

“നിങ്ങൾ എന്താണു പറയുന്നത്?” അമ്മ അച്ഛന്റെ നേരേ തിരിഞ്ഞു.

“സിംഹരാജൻ വല്ലതും ഇത് അറിഞ്ഞാൽ നമ്മുടെ എല്ലാവരുടെയും കഥ കഴിയും.”

അമ്മ വിഷമം പറഞ്ഞു.

“അതൊക്കെ അപ്പോഴല്ലേ.” അമ്മയോട് അത്രയും പറഞ്ഞിട്ട് ഡോസിക്കു നേരേ തിരിഞ്ഞുകൊണ്ട് അച്ഛൻ പറഞ്ഞു:

''മോനേ ഡോസീ. ഇനി വരുന്ന തലമുറ നന്നായി ഈ വനത്തിൽ ജീവിക്കാൻ നീ ഒരു കാരണമാകും.”

“ഞാൻ എന്താണു ചെയ്യേണ്ടത്?”

“പറയാം. കാടിന്റെ അതിർത്തിയിൽ ഒരു ഗ്രാമമുണ്ട്. അവിടെയൊരു കുന്നുണ്ട്. ഗ്രാമക്കുന്ന്. നീ അവിടെ ചെല്ലണം. നിന്നെ സഹായിക്കാൻ അവിടെ ഒരാളുണ്ട്.”

“ആര്?” ഡോസി ചോദിച്ചു.

“പാമ്പ്. രാജൻപാമ്പ്. പണ്ട് ഒരിക്കൽ ഞാൻ ഗ്രാമത്തിൽ വച്ചു പരിചയപ്പെട്ടതാണ്. എന്നെ അവിടെനിന്നും പൊന്നിവനം വരെ ആളുകളിൽനിന്നും രക്ഷിച്ചത് അവനാണ്. രാജൻ പാമ്പ്. നീ രാജനെ പോയി കാണണം. എന്തായാലും അവൻ നിന്നെ സഹായിക്കും.”

“അമ്മയെ ഗ്രാമത്തിൽനിന്നു രക്ഷിച്ചത് ഒരു കുതിരയല്ലേ. മൃണ?”

“അതെ...” അച്ഛൻ പറഞ്ഞു.

''ഞാൻ നിന്റെ അമ്മയെ തേടി പോയപ്പോൾ ആളുകൾ പിടികൂടിയതാണ്. അവിടെ എന്നെ സഹായിച്ചത് രാജൻ പാമ്പാണ്. നിന്റെ അമ്മയെ സഹായിച്ചത് ഒരു കുതിരയും. മൃണ. നീ ഗ്രാമത്തിൽ ചെല്ലുമ്പോൾ രണ്ടുപേരെയും കണ്ടെത്തണം. നിന്നെ അവർ സഹായിക്കും.”

(തുടരും)




**1951** ൽ റീഡേഴ്സ് ഡൈജസ്റ്റിൽ പ്രസിദ്ധീകരിച്ച ഒരു സംഭവകഥ:

സ്വർണ്ണക്കടയിലെ തിരക്കൊഴിഞ്ഞ സമയം. നാലുവയസ്സുള്ള ഒരു കുരുന്നുബാലിക അവിടെയെത്തി. “രത്നക്കല്ലുകൾ കോർത്ത ആ മാലയൊന്നു കാണട്ടെ.” ഒട്ടും കൂസാതെ അവൾ കടയുടമയോട് ആവശ്യപ്പെട്ടു.

ആ പെൺകുട്ടി ചൂണ്ടിക്കാണിച്ച രത്നമാല അയാൾ ശ്രദ്ധാപൂർവം എടുത്ത് അവളുടെ മുന്നിൽ വച്ചു.

''ഹാ, ഇതാണ് ഏറ്റവും നല്ല സമ്മാനം. ഇതൊന്നു ഭംഗിയായി പൊതിഞ്ഞു തരൂ.” നിഷ്കളങ്കതയോടെ അവൾ പറഞ്ഞു.

“ആർക്കുവേണ്ടിയാണിത്?” അയാൾ ചോദിച്ചു.

## സ്നേഹത്തിന്റെ വില

“എന്റെ ചേച്ചിക്കുവേണ്ടി. എനിക്കു ഡാഡിയും മമ്മിയുമില്ല. ചേച്ചി മാത്രമേയുള്ളൂ. ചേച്ചിയാണ് എന്റെ എല്ലാ കാര്യങ്ങളും നോക്കുന്നത്.” അവൾ പറഞ്ഞു.

“മോളുടെ കൈയിൽ എന്തുമാത്രം പണമുണ്ട്?” അയാൾ തിരക്കി.

തൂവാലയിൽ പൊതിഞ്ഞിരുന്ന നാണയത്തുട്ടുകൾ മേശപ്പുറത്തു വച്ചുകൊണ്ട് ബാലിക പറഞ്ഞു:

“ഞാൻ സൂക്ഷിച്ചുവച്ച പണം മുഴുവനും.”

വ്യാപാരി ആ ചില്ലിത്തുട്ടുകൾ എണ്ണിനോക്കി. വെറു പതിനൊന്നു സെന്റ്.

അയാൾ ഒട്ടും മടിക്കാതെ ആ നാണയത്തുട്ടുകൾ വാങ്ങി രത്നമാല പൊതിഞ്ഞ് ബാലികയുടെ കൈയിൽ കൊടുത്തു. അവൾ നന്ദി പറഞ്ഞു മടങ്ങുന്നത് സംതൃപ്തിയോടെ അയാൾ നോക്കിനിന്നു. ഡോളറുകൾ വിലയുള്ള മാലയാണ് അയാൾ പതിനൊന്നു സെന്റിനു ബാലികയ്ക്കു നൽകിയത്.

അധികം താമസിയാതെ ആ ബാലികയുടെ സഹോദരി വ്യാപാരിക്കരികെ ഓടിയെത്തി: “ ഈ രത്നമാലയുടെ വില എന്റെ അനുജത്തി തന്നോ?” അവൾ ഉത്കണ്ഠയോടെ തിരക്കി.

“തന്നു.” അയാൾ പറഞ്ഞു: “നിങ്ങളുടെ കുഞ്ഞനുജത്തി അവൾക്കുള്ള സമ്പാദ്യം മുഴുവൻ തന്നു. മാത്രമല്ല അവൾ നിങ്ങളെ അളവറ്റു സ്നേഹിക്കുന്നു. അവളുടെ സ്നേഹം പ്രകടിപ്പിക്കുവാൻ ഈ രത്നമാലയിൽ കുറഞ്ഞ സമ്മാനം ഒരിക്കലും മതിയാവില്ല.”

ആ കുരുന്നുബാലികയുടെ സ്നേഹത്തിനുമുന്നിൽ ആ സ്വർണവ്യാപാരി കൈകൂപ്പിനിന്നു.

ഹൃദയത്തിൽ നിന്നുള്ള സ്നേഹവും ആ സ്നേഹത്തികവിൽനിന്നുള്ള ത്യാഗവും ദാനവും. അങ്ങനെയുള്ള സ്നേഹവും ത്യാഗവും ആർക്ക് അവഗണിക്കാനാവും!

ക്രിസ്മസ് – പുതുവത്സരാശംസകൾ!
i test optics
Opp. Cherupushpam Hospital, PALA
Ph: 9188282526
Highway Junction KIDANGOOR
Ph: 9188292526

★ ഞങ്ങളുടെ സവിശേഷതകൾ ★
• കംപ്യൂട്ടറിന്റെ സഹായത്തോടെ സൗജന്യ നേത്രപരിശോധന • ലോകോത്തര ബ്രാൻഡുകളിലുള്ള ഫ്രെയ്മുകളും ലെൻസുകളും മിതമായ നിരക്കിൽ • രാവിലെ 9.30 മുതൽ വൈകുന്നേരം 7.30 വരെ പരിചയസമ്പന്നരായ ഒപ്ടോമെട്രിസ്റ്റുകളുടെ സേവനം. • വിശാലമായ പാർക്കിങ് സൗകര്യം.

# സ്വർഗം ഭൂമിയെ ചുംബിച്ചപ്പോൾ



സി. ലിസറ്റ് വെള്ളാത്തോട്ടം എസ്എച്ച്

വിണ്ണിലും മണ്ണിലും ആനന്ദത്തിന്റെ, പ്രത്യാശയുടെ പൂത്തിരി കത്തിച്ചുകൊണ്ട് മാനവരാശിക്കു മുഴുവൻ പ്രകാശമായി, രക്ഷയായി ഒരു ദിവ്യജ്യോതിസ് മന്നിലവതരിച്ചു. പ്രപഞ്ചം മുഴുവനെയും ആഹ്ളാദഭരിതമാക്കിക്കൊണ്ട് പാതിരാവിന്റെ നിശ്ശബ്ദതയിൽ മധുരമനോഹരമായ ഒരു ഗാനാലാപനം: "അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്ത്വം. ഭൂമിയിൽ ദൈവകൃപ ലഭിച്ചവർക്കു സമാധാനം." (ലൂക്കാ 2:14).

സമാധാനത്തിന്റെ ഈ ഈരടികൾ ബെത്‌ലഹേമിലെ ഒരു കൊച്ചുകാലിത്തൊഴുത്തിനു ചുറ്റും അലിഞ്ഞുചേർന്നു. സ്വർഗീയദൂതരുടെ ശ്രവണസുന്ദരമായ മനോജ്ഞഗാനത്തിന്റെ ആലാപനത്താൽ നിദ്രവിട്ടുണർന്ന ആട്ടിടയന്മാർക്ക് ദൈവദൂതന്റെ അരുളപ്പാട് ലഭിച്ചു: "ഇതാ സകലജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത ഞാൻ നിങ്ങളെ അറിയിക്കുന്നു. ദാവീദിന്റെ പട്ടണത്തിൽ നിങ്ങൾക്കായി ഒരു രക്ഷകൻ, കർത്താവായ ക്രിസ്തു ഇന്നു ജനിച്ചിരിക്കുന്നു. ഇതായിരിക്കും നിങ്ങൾക്ക് അടയാളം. പിള്ളക്കച്ചകൊണ്ടുപൊതിഞ്ഞ്, പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും." (ലൂക്കാ. 2:10-12).

ദൈവദൂതു ശ്രവിച്ച ഇടയന്മാർ അതിവേഗം തങ്ങളുടെ രക്ഷകനെ, സമാധാനരാജാവിനെ തേടി ബെത്‌ലഹേമിലെ കാലിത്തൊഴുത്തിലെത്തി. അവിടെ അവർ നയനമനോഹരമായ ഒരു ദൃശ്യം കണ്ട് വിസ്മയഭരിതരായി. പിള്ളക്കച്ചകളിൽ പൊതിഞ്ഞ് ശാന്തിയുടെ പുഞ്ചിരിതൂകി തന്റെ കുഞ്ഞിക്കൈകളും കാലുകളുമിളക്കി ഏവരെയും കരുണയോടെ കടാക്ഷിക്കുന്ന ദിവ്യശിശു! ഇടയന്മാർ കണ്ണിമയ്ക്കാതെ കൈകൾ കൂപ്പി ശിശുവിനെ നോക്കിനിന്നു. സാവധാനം അവരുടെ ഹൃദയവും മനസ്സും അഭൗമികമായ സമാധാനത്തിൽ നിറഞ്ഞുനിന്നു.

സ്നേഹത്തിന്റെയും സമാധാനത്തിന്റെയും പ്രത്യാശയുടെയും പ്രഭ വിതറിക്കൊണ്ട് സ്വർഗം ഭൂമിയെ ചുംബിച്ച പുണ്യദിനമാണ് ക്രിസ്മസ്. കുഞ്ഞുങ്ങളെപ്പോലെയാകുവാൻ പറഞ്ഞവൻ കുഞ്ഞായി പിറന്നതിന്റെ അനുസ്മരണദിനം. തന്നെക്കാൾ ചെറുതായി ഈ ഭൂമിയിൽ ആരുമുണ്ടാകാൻ പാടില്ലാത്തൊരു നിഷ്കർഷ ആ കുഞ്ഞിനുണ്ടായിരുന്നതുപോലെ – ആ ചെറിയവന്റെ മുമ്പിൽ എല്ലാവരും വലുതായി. കാലിത്തൊഴുത്തിലെ മിശിഹാ നമ്മുടെ അഹംഭാവത്തെ, ഇല്ലായ്മ ചെയ്ത് എളിമയുടെ ജീവിതം നയിക്കുവാനാണ് ആഹ്വാനം ചെയ്യുന്നത്. മനുഷ്യരക്ഷയ്ക്കുവേണ്ടി ദൈവം സ്വയം ശൂന്യനാക്കി മനുഷ്യരൂപം സ്വീകരിച്ചതിന്റെ ദിവ്യമായ ഓർമ്മയാണു ക്രിസ്മസ്. ഹൃദയം നിറഞ്ഞൊഴുകുന്ന സ്നേഹത്തിൽ ഒന്നുമല്ലാതാകുന്നതിന്റെയും ഒന്നുമില്ലാതാകുന്നതിന്റെയും ദൈവികമായ ആനന്ദം സമ്മാനിക്കുന്ന ദിനം. രാജകൊട്ടാരത്തിലെ പട്ടുമെത്തയിൽ സസുഖം പിറക്കാമായിരുന്നിട്ടും ബെത്‌ലഹേമിലെ കാലിത്തൊഴുത്തിൽ കാറ്റും തണുപ്പുമേറ്റ് കുളിർന്നുവിറച്ച് ശയിക്കുന്ന ദിവ്യപൈതൽ ലോകത്തിനു മുഴുവൻ ഒരു വെല്ലുവിളിയായി പ്രശോഭിച്ചു. "ദൈവത്തിന്റെ രൂപത്തിലായിരുന്നെങ്കിലും അവൻ ദൈവവുമായുള്ള സമാനത നിലനിർത്തേണ്ട ഒരു കാര്യമായി പരിഗണിച്ചില്ല, തന്നെത്തന്നെ ശൂന്യമാക്കിക്കൊണ്ട് ദാസന്റെ രൂപം സ്വീകരിച്ച് മനുഷ്യരുടെ സാദൃശ്യത്തിൽ ആയിത്തീർന്ന്, ആകൃതിയിൽ മനുഷ്യനെപ്പോലെ കാണപ്പെട്ടു." (ഫിലി. 2:6-7). എമ്മാനുവേലായി നമ്മുടെ ഇടയിലേക്കു കടന്നുവരുവാൻ, തന്റെ സ്വർഗീയമഹത്ത്വങ്ങളെല്ലാം വെടിഞ്ഞ് ഇല്ലായ്മയുടെ ആഴങ്ങളിലേക്കിറങ്ങി, നിസ്സഹായതയുടെ പര്യായമായി, ശൂന്യവത്കരണത്തിന്റെ, ചെറുതാകലിന്റെ മാതൃക നമുക്കു കാണിച്ചുതന്ന ദൈവപുത്രൻ. ലോകം മുഴുവൻ നന്മ നിറയ്ക്കുവാൻ പരിമിതികളുടെ പുൽക്കൂട്ടിൽ ഈശോ വന്നു പിറന്നത് പരിധികളില്ലാതെ നമ്മെ സ്നേഹിക്കുവാനാണ് എന്ന തിരിച്ചറിവ് നമ്മുടെ ഹൃദയത്തിൽ നിറയട്ടെ. തിരുപ്പിറവി ദൈവസ്നേഹത്തിന്റെ കവിഞ്ഞൊഴുകലായിരുന്നു. ആത്മദാനപരമായ സ്നേഹമാണ് ക്രിസ്മസിന്റെ കൃപ. സകലജനത്തിനും വേണ്ടിയുള്ള സന്തോഷത്തിന്റെ സദ്വാർത്തയിലേക്ക് ഒരിക്കൽക്കൂടി നാം പങ്കുചേരുമ്പോൾ നമ്മുടെ വ്യക്തിജീവിതങ്ങളിലേക്ക്, കുടുംബങ്ങളിലേക്ക്, നിയോഗങ്ങളിലേക്ക്, സ്വപ്നങ്ങളിലേക്ക്, ദുഃഖങ്ങളിലേക്ക് പുത്തൻ പ്രതീക്ഷയായി കടന്നുവരുന്ന ഉണ്ണിയേശുവിനായി ഹൃദയം തുറക്കാം. സ്നേഹവും എളിമയുമുള്ള ഹൃദയത്തിലേ ക്രിസ്തുവിനു പിറക്കാൻ സാധിക്കൂ. തോമസ് മെർട്ടന്റെ വാക്കുകൾ ശ്രദ്ധേയമാണ്: "അഹങ്കാരം നമ്മെ കൃത്രിമമാക്കുമ്പോൾ എളിമ നമ്മെ യഥാർത്ഥമനുഷ്യരാക്കുന്നു." സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും എളിമയുടെയും വലിയ പാഠങ്ങൾ ലോകത്തിനു സമ്മാനിച്ച ഈശോയുടെ ജന്മദിനത്തിൽ ഭാഗ്യസ്മരണാർഹനായ ഫ്രാൻസിസ് പാപ്പാ തിരുപ്പിറവിയെപ്പറ്റി സംസാരിച്ചത് നമുക്ക് അനുസ്മരിക്കാം: "ക്രിസ്മസിന്റെ വിശുദ്ധ രാത്രിയിൽ നാം നമ്മോടുതന്നെ ചോദിക്കണം, നമുക്കെങ്ങനെ യേശുവിനെ കണ്ടുമുട്ടാനാകും? യേശു നിങ്ങളുടെ ഹൃദയവാതിലിൽ മുട്ടുന്നുണ്ട്. മാലാഖ, ആട്ടിടയന്മാരോടു പറഞ്ഞതുപോലെ തന്നെയാണ് യേശു നമ്മോടും പറയുന്നത്: ഒരു വിമോചകൻ നിങ്ങൾക്കായി ജനിച്ചിരിക്കുന്നു.



എവിടെയാണ് നാം യേശുവിനെ അന്വേഷിക്കാൻ പോകേണ്ടത്? ഇടയന്മാർക്കു കൊടുത്ത സന്ദേശം ശ്രദ്ധിക്കുക: "നിങ്ങൾക്കുള്ള അടയാളമിതാണ്. പിള്ളക്കച്ച കൊണ്ടു പൊതിഞ്ഞ് പുൽത്തൊട്ടിയിൽ കിടത്തിയിരിക്കുന്ന ഒരു ശിശുവിനെ നിങ്ങൾ കാണും." ഇത് വ്യക്തമായ സന്ദേശമാണ്. ആരും അന്വേഷിക്കാത്ത ഒരിടത്ത് നിങ്ങൾ അവനെ തിരയുക. വലിയ നഗരങ്ങളുടെ വെള്ളിവെളിച്ചത്തിൽ അവനെ അന്വേഷിക്കേണ്ടാ; വിജാതീയർ മേളിക്കുന്ന സ്ഥലത്തും അവനെ നോക്കേണ്ടാ. ആരും പ്രതീക്ഷിക്കാത്ത, വിചാരിക്കാൻപോലും സാധിക്കാത്ത സ്ഥലങ്ങളിൽ അവനെ അന്വേഷിക്കുക.

അതേ, ആട്ടിടയന്മാരോടു പറഞ്ഞതുപോലെ പുൽത്തൊഴുത്തിൽ കിടത്തിയിരിക്കുന്ന ആ ശിശുവിനെ അന്വേഷിച്ചാൽ മതി. പച്ചിലകൾ മാറ്റിയാൽ ജീവന്റെ മുള നിസ്സാരമായ പുൽത്തൊട്ടിയിൽ ശയിക്കുന്നതു കാണാം... ഏറ്റവും ലളിതമായ, ദാരിദ്ര്യം മുറ്റിനിൽക്കുന്ന ആ പുൽത്തൊഴുത്തിൽ" (ഫ്രാൻസിസ് പാപ്പാ)

രവീന്ദ്രനാഥടാഗോർ ഇപ്രകാരം അനുസ്മരിപ്പിക്കുന്നു. "പ്രകാശം മുന്നിൽ നിൽക്കുമ്പോൾ നിഴൽ പിന്നിലാണ്. പ്രകാശം പിന്നിൽ നിന്നാൽ നിഴൽ മുന്നിലാണ്. എന്നാൽ, പ്രകാശം നിന്നിലായാൽ നീയുമില്ല നിഴലുമില്ല. പ്രകാശം മാത്രമേ ഉള്ളൂ."

ഞാൻ ലോകത്തിന്റെ പ്രകാശമാണ് (വി. യോഹ. 8:12) എന്നു പറഞ്ഞ ഈശോയെ കാണുവാനും ആരാധിക്കുവാനും ജ്ഞാനികൾക്കു വഴികാട്ടിയായി മാറിയ നക്ഷത്രത്തെപ്പോലെ ക്രിസ്തുവാകുന്ന പ്രകാശത്തെ സ്വന്തമാക്കി മറ്റുള്ളവരെ അവിടുത്തെ സവിധത്തിലേക്കു നയിക്കുന്ന നക്ഷത്രമായി സ്വയം പ്രകാശിക്കാൻ ഈ ക്രിസ്മസ് നമ്മെ പ്രചോദിപ്പിക്കട്ടെ. ■

## നിസ്സഹായതയുടെ നിഴൽരൂപങ്ങൾ

10-ാം പേജ് തുടർച്ച

ഈ ഒരു ബോധ്യം ഉൾക്കൊള്ളുവാൻ അവർ തയ്യാറായി എന്നത് പ്രശ്നപരിഹാരത്തിന് എളുപ്പമായി. അവർ തങ്ങൾ സ്വീകരിച്ചിരുന്ന 'ഒഴിഞ്ഞുമാറ്റം' എന്ന രീതിക്ക് അവസാനമിട്ടു. പകരം തങ്ങളുടെ ഭാര്യമാരുടെ മാനസികാവസ്ഥ മനസ്സിലാക്കി അവരുടെ കൂടെ ചേർന്നു. ഇത് അദ്ഭുതാവഹമായ മാറ്റത്തിലേക്കു നയിച്ചു! ഇതിലേക്ക് അവർ കൗൺസലിങ് സെഷനുശേഷം സ്വീകരിച്ച നിലപാടുകൾ താഴെപ്പറയുന്നു:

പോസിറ്റീവായ ഏറ്റുമുട്ടൽ. ഇതിലൂടെ അവർ തങ്ങളുടെ ഭാര്യമാരുടെ ആശയങ്ങളെ വികാര-വിക്ഷോഭത്തിനടിമപ്പെടാതെ ശാന്തമായി എതിർത്തു.

ക്ഷമ, സ്നേഹം, അഭിനന്ദനം എന്നിവയുടെ പ്രയോഗം.

അനുദിനപ്രവൃത്തികളിൽ അകമഴിഞ്ഞ് ഭാര്യമാരെ സഹായിക്കുക.

അവരുടെ പ്രാധാന്യം ഊട്ടിയുറപ്പിക്കുന്ന തരത്തിലുള്ള പ്രവർത്തനരീതികൾ അവലംബിച്ചു.

ഇത്തരം കാര്യങ്ങൾ രഘു ഉൾപ്പെട്ട ഭർത്താക്കന്മാർ ചെയ്തപ്പോൾ ഇത് കൗൺസലിങ്ങിനുശേഷമുള്ള അഭിനയമാണ് എന്നായിരുന്നു മിക്കവരുടെയും ആദ്യപ്രതികരണം. പിന്നീടുള്ള കൗൺസലിങ്സെഷനുകളിൽ മിനി ഉൾപ്പെടെയുള്ളവർ വലിയ മാറ്റത്തിലൂടെ കടന്നുപോയി.

സി.ബി.റ്റി., ഹിപ്നോതെറാപ്പി, ജെസ്റ്റാർട്ട് തെറാപ്പി, റ്റോക്ക് തെറാപ്പി, എൻഎൽപി ടെക്നിക്കുകൾ, റ്റി.എ. ടെക്നിക്കുകൾ എന്നിവയും ഇവരിൽ മാറ്റം വരുത്താൻ ഉപയോഗിച്ചു. ഇന്ന് ഈ കുടുംബങ്ങൾ സന്തോഷത്തോടെ കഴിയുന്നു. ■



ഞങ്ങളുടെ ക്രിസ്മസ്–പുതുവത്സരാശംസകൾ

CELEBRATING 60 YEARS ANNIVERSARY

കാലം മറക്കാത്ത രുചി...

# പോൾസൺ ബേക്കറി

മെയിൻ റോഡ്, പാലാ Ph: 04822-212287, 9447805615, 9447675587

നിങ്ങൾക്കായി കേക്കുകളുടെ വിപുലമായ ശേഖരം!

## പോൾസൺ ബേക്ക്സ്

കൊട്ടാരമറ്റം, പാലാ

Phone: 04822-214527



## പോൾസൺ ബേക്കേഴ്സ്

A.T.P. Arcade, KSRTC സ്റ്റാൻഡിന് എതിർവശം, പാലാ

Phone: 04822-213527




# യൂറോപ്പ് തീർത്ഥാടനം

ROME | LOURDES | FATIMA

ലെയോ പതിനാലാമൻ മാർപാപ്പായെ നേരിൽ കാണുന്നതിനും ഫ്രാൻസിസ് പാപ്പായുടെ കബറിടം സന്ദർശിക്കുന്നതിനും സാധിക്കുന്ന സ്പീഡ്‌വിംഗ്സ് പാലായുടെ

സമ്പൂർണ്ണ യൂറോപ്പ് തീർത്ഥാടനം

റോം, വെനീസ്, സ്വിറ്റ്സർലണ്ട്, ജർമ്മനി, പാരീസ്, ലൂർദ്, മാഡ്രിഡ്, ഫാത്തിമ, ലിസ്ബൺ



ITALY | VATICAN | SWITZERLAND | GERMANY | LIECHTENSTEIN | FRANCE | SPAIN | PORTUGAL

15 DAYS

രൂപതയിലെ ബഹു. വൈദികരുടെ ആത്മീയ നേതൃത്വത്തിൽ

2026 മെയ് 4ന്

പാലായിൽ നിന്നും പുറപ്പെടുന്നു

Glory of Europe

History | Faith | Science

"Experienced Tour Leader with Priest"

Tour Operated by: SpeedWings TRAVELS & HOLIDAYS

A reputation of excellence in service !

PALA

9447195867, 9447506725, 8089903437

Passport | Air Tickets | Holidays | Visa | Travel Insurance



36 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn.
അരുണാപുരം പി.ഒ., പാലാ
Ph: 9495195739

Govt. V.H.S.S. നു സമീപം
പൊൻകുന്നം
Ph: 9495021259

അഡ്മിഷൻ തുടരുന്നു

+2 Science commerce humanities

6 മാസംകൊണ്ട് +2, 10

നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A., B.Com - (M.G. University)
Regular, Postal & Holiday Classes

**1 വർഷംകൊണ്ട് ഹിന്ദി അധ്യാപകരാകാം**

എസ്.എസ്.എൽ.സി വിജയികൾക്ക് 1 ½ വർഷം കൊണ്ടും + 2, ഡിഗ്രി വിജയികൾക്ക് 1 വർഷംകൊണ്ടും യു.പി. സ്കൂൾ, ഹൈസ്കൂൾ ഹിന്ദി അധ്യാപന കോഴ്സ് പൂർത്തിയാക്കാം. ട്രെയിനിംഗ് ഇല്ലാതെ യു.പി. സ്കൂളിലും, ട്രെയിനിംഗിനു വിധേയമായി ഹൈസ്കൂളിലും അധ്യാപകരാകാം.

കേരള ഗവൺമെന്റ് – PSC അംഗീകൃതം

**+ 2 പരാജിതർക്ക് 3 വിഷയം മാത്രം**

കേരള, സിബിഎസ്ഇ., +2 പരാജിതർക്ക് വിജയിച്ച വിഷയം ഒഴിവാക്കി 3 വിഷയം എഴുതി പാസാകാൻ അവസരം. +1 പരീക്ഷ എഴുതേണ്ട ആവശ്യമില്ല.



KTS PRODUCTS

ഈ നാടിന്റെ ഉൽപ്പന്നം



അതേ രുചി...
അതേ ഗുണം...
70 വർഷത്തെ വിശ്വാസം
എന്നും നിങ്ങളോടൊപ്പം



CERTIFIED ISO 9001:2015 COMPANY

Tastit ടേസ്റ്റിറ്റ്

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

Customer Care 82810-42942



916 സ്വർണ്ണാഭരണങ്ങളുടെ പാലായിലെ അതിവിശാലമായ ഷോറൂം..!



# മൂഴയിൽ ജുവലറി

മെയിൻ റോഡ്, പാലാ Phone: 04822- 212498, 04822- 211028

സഹോദരസ്ഥാപനം: **മൂഴയിൽ ഫൈനാൻസിയേഴ്സ്**

മാർക്കറ്റ് റോഡ്, OPP. സിവിൽസ്റ്റേഷൻ, പാലാ Phone: 04822-212269

100 രൂപയ്ക്ക് മാസം 1½ രൂപ മാത്രം പലിശ

Deepanalam Weekly
RNI No : 16998/68
Vol. 58 No. 42 Date of Publication 18 December 2025
Annual Subscription Rate ₹ 400 (For Abroad ₹4500)
Registered No. KL/KTM/12/2024-2026
License No. KL/CR/KTM/WPP-16/2024-2026
Licensed to post without pre-payment







Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
• Ph: 04822-212842 • 7306874714 • Fax: 04822-212842 • Email: editordeepanalam@gmail.com • deepanalam@rediffmail.com • website: www.deepanalam.org